ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

# THE SUNDAY SCHOOL

Vol. 1 • No. 1 • AUGUST 2015 • FOR PRIVATE CIRCULATION ONLY





Oriental Orthodox Church Primates in Armenia (23-04-2015)
[Left to Right] HH Catholicos Mar Baselius Marthoma Paulos II (Malankara)
HH Catholicos Aram I (Armenian - Cilicia), HH Pope Tawadros II (Coptic)
HH Catholicos Karekin II (Armenian - Mother See), HH Patriarch Mar Ignatius Aphrem II (Syrian).



# St. Gregorios Indian Orthodox Church (Maha Edavaka) Kuwait

A Parish of the Malankara Orthodox Syrian Church (Founded by St. Thomas in A.D. 52),
under the Diocese of Kolkata
P.O. Box. 80, Safat - 13001, Kuwait, Tel/Fax: +965 24312064

## Overview of the Sunday School

St. Gregorios Indian Orthodox Church (Maha Edavaka) Sunday School of Kuwait with 1350 students is the largest in the Indian Orthodox Church. Under the leadership of the Vicar, Asst. Vicar, the Head Master and with the support of Managing Committee members and an elected Parents Committee, classes are conducted (Pre-KG to 11th grade) every Thursday evening from 5:15 pm to 6:45 pm in the National Evangelical Church and Arabic Language Church premises in Kuwait City by a team of 130 dedicated teachers. Classes are also held at St. George Chapel, Abbasiya every Friday after the Holy Qurbana for children from Pre-KG to Class 6.

Classes start with three separate general assembly where Infants (Pre-KG, LKG and UKG) have action songs, stories and birthday celebration which are managed by teachers, Junior students (Class 1 to 5) have song practices, action songs, quizzes, religious cartoon movies and birthday celebrations while the Senior students are divided into houses where various activities such as quizzes, debates, skits, MGOCSM activities etc. are conducted. Yearly the Sunday School elects a Head boy, Head Girl, MGOCSM General Secretary, two Joint Secretaries, Treasurer, House Captains, Vice Captains and Prefects who form the student council. The Student Council elects an Editorial Board who publishes the Kaleidoscope – a magazine for the students by students. Class photographs, drawings, first prize winning essays, elocution and extempore speeches, poems, stories etc. are published in Kaleidoscope.

The Sunday School conducts an Annual Talents Scan which include Single Songs (English & Malayalam), Groups Songs, Story Telling, Coloring, Drawing, Memory test, Verses oral, Verses Writing, Essay, Elocution, Extempore speech, Verses Quick Find and General Knowledge in addition to Annual Examination based on OKR text books.

The Sunday School arranges two parent/teachers meeting every year where the activities of the Sunday School are discussed and opinions and suggestions of Parents are taken and implemented. A Parents Committee of 15 members is elected from the Parents association who helps the teachers with the day to day activities during the Sunday School timing. Parents Committee meets quarterly or as required and provides advices on various matters that are relevant to the smooth functioning of the Sunday School. They also undertake the Annual Sunday School picnic.

The Sunday School have two choir teams – the Malayalam team headed by Mr. M. U. Mathews, supporting Holy Qurbana on every Tuesday and the English Team headed by Mr. Biju Jacob Varghese supporting Holy Qurbana in English on every 2nd Friday of the month. Two members of the Parents Committee co-ordinate the activities of the Choir.

The Teachers Council under the guidance of the Headmaster manages the day-to-day affairs of the Sunday School.

## Parish at a Glance

| | | |
|---|---|---|
| Established | : | January 15, 1957 with 20 members |
| First Holy Qurbana | : | March 1957, by Rev.Fr.E.P.Jacob |
| Regular Worship Services | : | 1962 onwards |
| Patron Saint | : | St. Gregorios of Parumala |
| Perunal | : | November 2nd |
| Elevated to Maha Edavaka | : | 1st November 2007 |
| Venues of Worship | : | National Evangelical Church, Kuwait City<br>St. George Chapel, Abbassiya<br>St. Marys Chapel, Salmiya |
| Diocese | : | Kolkatta |
| Metropolitan | : | H.G. Dr. Joseph Mar Dionysius |
| Vicar | : | Rev. Fr. Raju Thomas |
| Asst. Vicar | : | Rev. Fr. Reji C Varghese |

| | | |
|---|---|---|
| Trustee | : | Mr. John P Joseph |
| Secretary | : | Mr. Joji P John |
| Holy Qurbana | : | On all Fridays and Tuesdays except the fourth Friday at NECK<br>On All Fridays & Saturdays at St. George Chapel, Abbassiya<br>On All Fridays at St. Mary's Chapel, Salmiya |
| Marthamariam Samajam | : | On all Third Thursdays |
| **Sunday School** | : | On all Thursdays |
| Head Master | : | Mr. Kurien Varghese |
| Advisor | : | Mr. P. C. George |
| Secretary | : | Mr. Cizil Mathews Chacko |
| Joint Secretary | : | Mr. Shabu Mathew |
| Treasurer | : | Mr. Philips John |

Source: www.iocq8.org

# THE SUNDAY SCHOOL


*രക്ഷാധികാരി*
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

*പ്രസിഡന്റ്*
**ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ**

*ചീഫ് എഡിറ്റർ*
**ഫാ. ഡോ. റെജി മാത്യു**

*പബ്ലിഷർ*
**ഫാ. കെ.വി. തോമസ്**

*മാനേജിങ് എഡിറ്റർ*
**പ്രൊഫ. ചെറിയാൻ തോമസ്**

*എക്സിക്യൂട്ടീവ് എഡിറ്റർ*
**ജോസഫ് അലക്സാണ്ടർ**

*എഡിറ്റോറിയൽ ബോർഡ്*
**ഫാ. ഡോ. ബിജേഷ് ഫിലിപ്പ്**
**സന്തോഷ് ബേബി എ.കെ.** (ട്രഷറാർ)
**ഡോ. ഐപ്പ് വർഗീസ്**
**പ്രൊഫ. ജോസ് വി. കോശി**
**ഡോ. വർഗീസ് പുന്നൂസ്**
**വർഗീസ് ജോൺ തോട്ടപ്പുഴ**



*കേന്ദ്രഓഫീസ്*
**ദേവലോകം**
**കോട്ടയം–686004**
✆ **0481 2572890**
thesundayschoolossae@gmail.com


## താളുകൾ മറിക്കുമ്പോൾ


- എഡിറ്റോറിയൽ
  **ഫാ. ഡോ. റെജി മാത്യു**
- അനുഗ്രഹ കല്പന
  **പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**
- അദ്ധ്യക്ഷ സന്ദേശം
  **ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ**
- ഒരു ജൂബിലിസമ്മാനം
  **ഫാ. കെ.വി. തോമസ്**
- സൺഡേസ്കൂളിൽനിന്നുള്ള ബലവുമായി
  **ഫാ. ഡോ. ഒ. തോമസ്**
- വളർച്ചയുടെ മാനങ്ങൾ
  **ഫാ. ഡോ. റ്റി.ജെ. ജോഷ്വാ**
- ചെറിയ കല്പനയും വലിയ പ്രതിഫലവും
  **സി. സഖറിയാ റമ്പാൻ**
- ക്രൈസ്തവസഭാചരിത്രത്തിലെ സ്ഥലനാമങ്ങൾക്കു വന്ന രൂപാന്തരം
  **വർഗീസ് ജോൺ തോട്ടപ്പുഴ**
- ഒ.വി.ബി.എസിന് ഒരു പുതിയ മുഖം
  **ഡോ. ഐപ്പ് വർഗീസ്**
- My Experience as a Sunday School Student
  **അരുൺ ജേക്കബ്**
- Question Bank
- വാർത്തകൾ
- സൺഡേസ്കൂൾ അറിയിപ്പുകൾ
- കത്തുകൾ
- സംശയങ്ങൾക്കുള്ള മറുപടി
- ഭരണസമിതി അംഗങ്ങൾ (2015–2020)

# എഡിറ്റോറിയൽ



ഒ.എസ്.എസ്.എ.ഇ. യുടെ ജൂബിലിയാഘോഷങ്ങൾ ദൈവകൃപയാൽ ഭംഗിയായി നടന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ജൂബിലിയാഘോഷങ്ങളുടെ പരിപാടികൾ സംബന്ധിച്ചു നടന്ന ചർച്ചയിലെ ഒരു പ്രധാന വിഷയമായിരുന്നു ഒ.എസ്.എസ്എ.ഇ.യുടെ ഔദ്യോഗിക മാസികയായിരുന്ന **ദി സൺഡേ സ്കൂളി**ന്റെ പുനഃപ്രകാശനം. വന്ദ്യനായ കണിയാംപറമ്പിൽ കുര്യൻ കോർ–എപ്പിസ്കോപ്പാ ഡയറക്ടർ ജനറലായിരുന്ന കാലം എതാനും വർഷങ്ങൾ മാസിക പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഈ ത്രൈമാസിക 1974–നുശേഷം ഇതുവരെ പുറത്തിറങ്ങിയിട്ടില്ല. 40 വർഷത്തെ ഇടവേളയ്ക്കുശേഷം ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പ. കാതോലിക്കാബാവായുടെ ശ്രേഷ്ഠാനുമതിയോടുകൂടി 'ദി സൺഡേസ്കൂൾ' പ്രസിദ്ധീകരിക്കുകയാണ്.

സൺഡേസ്കൂൾ പ്രസ്ഥാനം 1500–ഓളം പള്ളികളിലായി വളർന്നു വികസിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ 'ദി സൺഡേസ്കൂൾ' ആശയവിനിമയത്തിനുപകരിക്കുന്ന നല്ല ഒരു പ്രസിദ്ധീകരണമായിത്തീരുമെന്നതിൽ സംശയിക്കേണ്ടതില്ല. സൺഡേസ്കൂൾ അധ്യാപനത്തെ സംബന്ധിക്കുന്ന പ്രൗഢഗംഭീരമായ ലേഖനങ്ങൾ, സിലബസ് സംബന്ധിച്ച ചർച്ചകൾ, സൺഡേസ്കൂൾ പ്രസ്ഥാനത്തിലെ തലമുതിർന്നവരുമായുള്ള അഭിമുഖങ്ങൾ, ചോദ്യോത്തര പംക്തികൾ, സൺഡേസ്കൂൾ വാർത്തകൾ എന്നിവയെല്ലാം പൊതുവിന്റെ അറിവിലേക്കായി പ്രസിദ്ധീകരിക്കുവാൻ നമുക്കൊരു സുവർണ്ണാവസരം ലഭിച്ചിരിക്കുകയാണ്. ഭദ്രാസന ഡയറക്ടർമാർ, ഇൻസ്പെക്ടർമാർ, ഹെഡ്മാസ്റ്റർമാർ എന്നിവർ പരിശ്രമിച്ചാൽ ഒരോ ഇടവകയിലും ഈ ത്രൈമാസികയുടെ വരിക്കാരെ ചേർക്കാവുന്നതാണ്. ഓരോ അദ്ധ്യാപകനും അദ്ധ്യാപികയും വായിച്ചിരിക്കേണ്ട കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുകയെന്നതിനാൽ ഏവരുടെയും സഹകരണവും 'ദി സൺഡേസ്കൂളി'നായി പ്രതീക്ഷിച്ചുകൊണ്ട് നിർത്തട്ടെ.

സ്നേഹപൂർവ്വം
**ഫാ. ഡോ. റെജി മാത്യു**

Website: www.mosc.in
E-mail: catholicos@mosc.in

TELEPHONE: 0481-2574323, 2578500
FAX: 0481-2570569

# The Malankara Orthodox Syrian Church

**CATHOLICATE OF THE EAST**

**BASELIOS MARTHOMA PAULOSE II**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

ജൂൺ 27, 2015

## അനുഗ്രഹസന്ദേശം



പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന **ദി സൺഡേസ്കൂൾ** എന്ന ത്രൈമാസിക പുനഃപ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. ഒ.എസ്.എസ്.എ.ഇ.യുടെ പ്രാരംഭകാലത്ത് പ്രസ്ഥാനത്തിന്റെ മുഖപത്രമായി പ്രസിദ്ധീകരിച്ചുവന്നിരുന്ന ഈ ത്രൈമാസിക പരിശുദ്ധ സഭയിലെ സൺഡേസ്കൂൾ അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിന് ഏറെ പ്രയോജനപ്പെട്ടിരുന്നു എന്നത് ഒരു വസ്തുതയാണ്. പരിശുദ്ധ സഭയിലെ പുത്തൻ തലമുറയെ യേശുക്രിസ്തുവിങ്കലേക്ക് ആകർഷിക്കുവാനും സത്യവിശ്വാസത്തിൽ അവരെ ബലപ്പെടുത്തി വളർത്തിയെടുക്കുവാനും ഉതകുന്ന ലേഖനങ്ങളും പഠനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ പ്രസിദ്ധീകരണം നമുക്ക് ഏറെ പ്രതീക്ഷ നൽകുന്നു. നമ്മുടെ സൺഡേസ്കൂളുകളിലെ എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും ഇതിന്റെ വരിക്കാരായിത്തീർന്ന് ഈ ഉദ്യമം വിജയകരമാക്കിത്തീർക്കണമെന്ന് നാം താൽപര്യപ്പെടുന്നു. ഇടക്കാലത്ത് നിന്നുപോയ ത്രൈമാസികയുടെ പുനഃപ്രസിദ്ധീകരണത്തിന് മുൻകൈയെടുത്ത സൺഡേസ്കൂളിന്റെ ഭാരവാഹികളെ നാം അഭിനന്ദിക്കുന്നു. എല്ലാ നന്മകളും പ്രാർത്ഥനകളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ്**
**ദ്വിതീയൻ**

# MALANKARA ORTHODOX SYRIAN CHURCH

## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION

**Dr.Yakob Mar Irenaios**
**President**

**Sion Seminary,Koratty East P.O**
**Thrissur, Kerala-680 308**
**Ph: 0480-2732023, 2734818**



**June 30, 2015**

സന്ദേശം

ഓർത്തഡോക്സ് സണ്ടേസ്കൂൾ, സംവേദിച്ചും, പഠിച്ചും, പഠിപ്പിച്ചും, കൊണ്ടിരിക്കുന്ന ഒരു ആത്മീക പ്രസ്ഥാനമാണ്. സഭാ വിദ്യാഭ്യാസ ശുശ്രൂഷയിലെ സുപ്രധാനവും, പകരം വയ്ക്കാൻ മറ്റൊന്നുമില്ലാത്തതുമായ സണ്ടേസ്കൂൾ പ്രസ്ഥാനം സഭാംഗങ്ങളോടും, സണ്ടേസ്കൂൾ വിദ്യാർത്ഥികളോടും, അദ്ധ്യാപകരോടും സംസാരിച്ചു കൊണ്ടിരിക്കേണ്ടത് ഒരു അനിവാര്യതയാണ്. 1974 വരെ 'സണ്ടേസ്കൂൾ' എന്ന അഭിധാനത്തിൽ ഒരു പ്രസിദ്ധീകരണം ഉണ്ടായിരുന്നതായി സണ്ടേസ്കൂളിന്റെ 'Senior Citizens' നു തീർച്ചയായും അറിവുണ്ടാകും. നിദ്രയിലിരിക്കുന്ന ആ പ്രസിദ്ധീകരണത്തിന് അതേ പേരിൽത്തന്നെ പുനർജീവൻ നൽകാൻ തീരുമാനമായിരിക്കുന്നു എന്ന സന്തോഷ വർത്തമാനം അറിയിക്കട്ടെ. സണ്ടേസ്കൂൾ സംബന്ധമായ പരിപാടികളും, ആനുകാലിക പ്രാധാന്യമുള്ള പ്രസ്ഥാന പ്രവർത്തനങ്ങളും എല്ലാവർക്കുമായി അനാവരണം ചെയ്യുന്ന ഈ സണ്ടേസ്കൂൾ മലരിനെ ഏവരും സഹർഷം സ്വാഗതം ചെയ്യുമെന്നുറപ്പുണ്ട്.

സ്നേഹാശംസകളോടെ

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

പ്രസിഡണ്ട്(OSSAE)



# ഒരു ജൂബിലി സമ്മാനം

മുമ്പ് ഉണ്ടായിരുന്നതും പിന്നീട് നിലച്ചുപോയതുമായ 'ദി സൺഡേസ്കൂൾ' എന്ന ത്രൈമാസിക പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ സുവർണ്ണജൂബിലി സമ്മാനമായി പുനഃപ്രസിദ്ധീകരിക്കുന്നു. 1972-ൽ ആരംഭിച്ച് 1974 വരെ പ്രസിദ്ധീകരണം തുടർന്നിരുന്ന ഒരു ത്രൈമാസികയായിരുന്നു ഇത്. അസ്സോസിയേഷന്റെ ആദ്യ ഡയറക്ടർ ജനറൽ വന്ദ്യ ദിവ്യശ്രീ കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പായും പബ്ലിക്കേഷൻ ആഫീസർ ദിവംഗതനായ വന്ദ്യ ദിവ്യശ്രീ കെ. ഡേവിഡ് കോർ എപ്പിസ്കോപ്പായും നേതൃത്വം നൽകി ആരംഭിച്ചതായിരുന്നു ഇത്. 1974-ൽ സഭയിൽ ഉണ്ടായ പ്രത്യേക സാഹചര്യത്തിൽ നിന്നുപോയ 'ദി സൺഡേസ്കൂൾ' തുടർന്നു പ്രസിദ്ധീകരിക്കുന്നതിന് ഒ.എസ്.എസ്.എ.ഇ. എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചത് സന്തോഷത്തോടെ അറിയിക്കുന്നു. മുമ്പുണ്ടായിരുന്ന പ്രസിദ്ധീകരണത്തിന്റെ പ്രചോദനമുൾക്കൊണ്ട് അടൂർ-കടമ്പനാട് ഭദ്രാസനത്തിൽ 'ശലഭങ്ങൾ' എന്ന ത്രൈമാസിക 2011 മുതൽ പ്രസിദ്ധീകരിച്ച് നടപ്പിലാക്കിയതും ഇത്തരുണത്തിൽ ഓർക്കുന്നു.

സൺഡേസ്കൂൾ അസ്സോസിയേഷൻ കേന്ദ്രത്തിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ഈ ത്രൈമാസിക വിദ്യാർത്ഥികൾക്ക് പ്രചോദനവും അദ്ധ്യാപക സമൂഹത്തിന് പ്രോത്സാഹനവും മറ്റു വായനക്കാർക്ക് സന്തോഷപ്രദവുമാകുമെന്ന് വിശ്വസിക്കുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രസ്ഥാനവുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഇത് സഹായിക്കും. 'ആത്മീയമായ സകല ജ്ഞാനത്തിലും വിവേകത്തിലും ദൈവേഷ്ടത്തിന്റെ പരിജ്ഞാനത്തിൽ നിറഞ്ഞ് വളരുവാൻ' ഇതിന്റെ വായനയും പഠനവും ഉപകരിക്കുവാൻ യത്നിക്കുക, സഹകരിക്കുക. പ്രാർത്ഥനാപൂർവ്വം 'ദി സൺഡേസ്കൂൾ' നിങ്ങൾക്കായി സമർപ്പിക്കുന്നു.

യഥാസമയം ഇത് അണിയിച്ചൊരുക്കിയ ശ്രീ ജോസഫ് അലക്സാണ്ടർക്കും സഹപ്രവർത്തകർക്കും നന്ദി.

**ഫാദർ കെ.വി. തോമസ്**
*പബ്ലിഷർ*



# സൺഡേസ്കൂളിൽനിന്നുള്ള ബലവുമായി...

ഫാ. ഡോ. ഒ. തോമസ്

കർത്താവിൽ പ്രിയ സ്നേഹിതരേ,

സൺഡേസ്കൂൾപ്രസ്ഥാനത്തിന്റെ നേതൃത്വതലത്തിൽ പ്രവർത്തിക്കുവാൻ ഇടയായത് ദൈവംതമ്പുരാൻ തന്ന വലിയ കൃപയായി കരുതുന്നു. ഏകദേശം എട്ടുവർഷത്തെ ശുശ്രൂഷയ്ക്കുശേഷം ഔദ്യോഗികസ്ഥാനത്തുനിന്നു വിരമിക്കുമ്പോൾ ദുഃഖമുണ്ടെങ്കിലും സഭ ഏല്പിച്ച മറ്റൊരു ഉത്തരവാദിത്വം സന്തോഷപൂർവ്വം ഏറ്റെടുത്തിരിക്കുകയാണ്.

200 വർഷം പൂർത്തിയാക്കുന്ന നമ്മുടെ വൈദികസെമിനാരി സഭയുടെ അഭിമാനവും ഭാവിയുടെ പ്രതീക്ഷയുമാണ്. അതിപ്രഗത്ഭന്മാരുടെ പിൻഗാമിയാകാൻ ഒട്ടും പ്രാപ്തിയില്ലാത്ത ഞാൻ പരിശുദ്ധ ബാവാതിരുമേനിയുടെ കല്പനപ്രകാരം മെയ് 2-ന് അതിന്റെ പ്രിൻസിപ്പലായി ചുമതല ഏറ്റെടുത്തിരിക്കുകയാണ്. എല്ലാവരുടെയും വിലപ്പെട്ട പ്രാർത്ഥന താഴ്മയായി അപേക്ഷിക്കുന്നു. അനവധിയായ ദൈവകൃപ ലഭിച്ചെങ്കിലേ ആ നിയോഗം അർത്ഥവത്തായി നിർവഹിക്കാനാവുകയുള്ളൂ. അതിനായി പ്രാർത്ഥിക്കുന്നു.

മാതൃഇടവകയിൽനിന്ന് ദൂരെ താമസിച്ചിരുന്ന ബാല്യകാലങ്ങളിൽ അരനൂറ്റാണ്ടിനു മുൻപ് സഭയുമായിട്ടുള്ള ബന്ധം രണ്ടു കാര്യങ്ങളിൽ മാത്രം ഒതുങ്ങിയിരുന്നു. ഞായറാഴ്ച രാവിലെയുള്ള ആരാധന, പിന്നീട് സൺഡേസ്കൂൾ. ചെരിപ്പില്ലാതെ ടാർറോഡിൽക്കൂടി നടന്ന് വീട്ടിലെത്തുമ്പോൾ മണി ഒന്നോ രണ്ടോ ആകും. വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം ഇവയൊക്കെ ഉണ്ടെന്നുപോലും അന്ന് കാര്യമായി മനസ്സിലാക്കിയിരുന്നില്ല. ആദ്ധ്യാത്മികപരിശീലനം എന്തെങ്കിലും ലഭിച്ചുവെങ്കിൽ അത് സൺഡേസ്കൂളിൽനിന്നും മാത്രം. കൺവൻഷൻ പ്രസംഗങ്ങളും സ്വാധീനിച്ചിട്ടുണ്ട് എന്നു പറയാം. യൗവനത്തിന്റെ ചാഞ്ചല്യങ്ങളിലും ജീവിതത്തിലുടനീളം മനസ്സാക്ഷിയിൽ 'അരുത്' എന്ന ശബ്ദം വേണ്ട സമയങ്ങളിൽ കോറിയിട്ടുതന്നതിൽ സൺഡേസ്കൂളിന്റെ സ്ഥാനം വലിയതാണ്. പഠിപ്പിച്ച അദ്ധ്യാപകരെ നന്ദിയോടെ ഓർക്കുന്നു. സഭയുടെ വിശ്വാസം, ആരാധന ഇവയോടൊക്കെ ആഭിമുഖ്യം ഉണ്ടാക്കിത്തന്നതും സൺഡേസ്കൂൾതന്നെ. ആ പ്രസ്ഥാനത്തോട് ആ വിധത്തിൽ കടപ്പാടുകൾ ഏറെയുണ്ട്.

ദൈവാശ്രയബോധം, സത്യവിശ്വാസം, സഭാസ്നേഹം, ധാർമ്മികമൂല്യങ്ങളിലുള്ള സ്ഥിരത ഇവയൊക്കെ ഇന്നും ബാലമനസ്സുകളിൽ ഉറപ്പിക്കാൻ സൺഡേസ്കൂൾതന്നെ പ്രധാനം. ആ പഠനം പൂർത്തിയാക്കാതെ മറ്റു സംഘടനകളിൽ പ്രവർത്തിച്ചാൽ അടിസ്ഥാനം ദുർബല

**വൈദികസെമിനാരിയും സൺഡേസ്കൂളും**

സഭയുടെ സുപ്രധാനങ്ങൾ—പോരാ—സർവ്വപ്രധാനങ്ങളായ രണ്ടു അവിഭാജ്യപ്രസ്ഥാനങ്ങളാണ് വൈദികസെമിനാരിയും സൺഡേസ്കൂളും. അതിൽ വേണ്ട കരുതലോടെ വളർത്തപ്പെടുന്ന ഇളം തൈകളാണ് അചിരേണ യുവജനസംഘടനയിലും വനിതാ സമാജത്തിലും വൈദിക സെമിനാരിയിലും നല്ല ഫലം പുറപ്പെടുവിക്കുന്ന വൃക്ഷങ്ങളായി വളർന്നുവരുന്നത്. *സൺഡേസ്കൂളുകളെ കരുതാത്ത സഭയ്ക്കു വൈദികസെമിനാരി തുറക്കേണ്ടതായി വരികയില്ല. അതുപോലെതന്നെ വേദശാസ്ത്രവിശാരദരും മാതൃകാർഹരുമായ വൈദികരുണ്ടാകാതെ സൺഡേസ്കൂളും പുരോഗമിക്കയില്ല.* ദൈവകൃപയാൽ ഇന്നു മലങ്കരസഭയിൽ ക്രമീകൃതമായ ഒരു സൺഡേസ്കൂൾ പ്രസ്ഥാനവും കുതിച്ചുയർന്നുവരുന്ന ഒരു വൈദികസെമിനാരിയുമുള്ളതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. **('ദി സൺഡേസ്കൂൾ 1972' ഒക്ടോബർ ലക്കത്തിലെ പത്രാധിപക്കുറിപ്പിൽനിന്ന്).**

മായ മണലിന്മേൽ വീടുപണിതതുപോലെയായിരിക്കും. എന്നാൽ ഈ ലക്ഷ്യങ്ങൾ മറന്ന്, സെക്കുലർ വിദ്യാഭ്യാസരംഗത്തെപ്പോലെ, അവാർഡിനും സമ്മാനങ്ങൾക്കുംവേണ്ടി മത്സരിക്കുന്നതിനുള്ള വേദിയായി മാറിയാൽ മഹത്തായ ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കുന്നതായിരിക്കും. പാട്ടും പ്രസംഗവും പരിശീലിക്കുന്നതിനപ്പുറം കുഞ്ഞുങ്ങളെ ദൈവികരായി വളർത്തുന്നതാണ് സൺഡേസ്കൂളിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യമെന്ന് ഉറച്ചുവിശ്വസിച്ചുകൊണ്ട് എളിയ നിലയിൽ ബോധവൽക്കരണം നടത്തുവാൻ ആവുന്നതും ശ്രമിച്ചു. എന്തെങ്കിലും പ്രയോജനമുണ്ടായോ എന്ന് മറ്റുള്ളവരും കാലവും തെളിയിക്കട്ടെ.

എന്നെ ഈ സ്ഥാനത്തേക്ക് നിയമിച്ചത് പരിശുദ്ധ ദിദിമോസ്ബാവാ തിരുമേനിയായിരുന്നു. ആ പിതാവും ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാബാവായും നൽകിയ അനുഗ്രഹങ്ങളോട് വളരെ കടപ്പാടുണ്ട്. ഊർജ്ജസ്വലമായ നേതൃത്വം നൽകുന്ന പ്രസിഡന്റ് അഭിവന്ദ്യ ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി വേണ്ട കൈത്താങ്ങൽ നൽകി. മുൻഗാമിയായ ശ്രേഷ്ഠവന്ദ്യ ഗുരു റ്റി.ജെ. ജോഷ്വാ അച്ചൻ എപ്പോഴും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. സൺഡേസ്കൂളിന്റെ വായും തൂണും മൽപ്പാനും എന്ന് വിശേഷിപ്പിക്കാവുന്ന പബ്ലിക്കേഷൻ ഓഫീസർ ബഹു. കെ.വി. തോമസച്ചന്റെ സഹായത്തിന് നന്ദി രേഖപ്പെടുത്താൻ വാക്കുകൾ പോരാ. ഓഫീസ് എക്സിക്യൂട്ടീവ് ആയി പ്രവർത്തിച്ച ചെറിയാൻ മാത്യുസാറും, ഇപ്പോൾ പ്രവർത്തിക്കുന്ന ചെറിയാൻ തോമസ് സാറും നിസ്വാർത്ഥവും ത്യാഗപൂർവ്വവുമായ പ്രവർത്തനങ്ങൾകൊണ്ട് വളരെ സഹായിച്ചു. ഓഫീസ് അക്കൗണ്ടന്റ് ബാബുവിന്റെ നേതൃത്വത്തിലുള്ള ചെറു സംഘത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾ എപ്പോഴും കാര്യക്ഷമമായിരുന്നു. ഒ.വി.ബി.എസ്. ഡയറക്ടർ ബഹു. കെ.വി. ഏലിയാസച്ചൻ, സെക്രട്ടറിയായും അതോടൊപ്പം ജൂബിലായാഘോഷക്കമ്മറ്റി കൺവീനറായും പ്രവർത്തിച്ച ഐപ്പ് വർഗീസ് സാർ എന്നിവരുടെ സഹായങ്ങൾ വിലപ്പെട്ടതായിരുന്നു. ഊർജ്ജ്വസ്വലനായി പ്രവർത്തിക്കുന്ന ട്രഷറാർ സന്തോഷ് ബേബി സാർ, പരീക്ഷാ ബോർഡ് ചെയർമാൻ വന്ദ്യ കുര്യാക്കോസ് കോർ എപ്പിസ്കോപ്പായുടെ നേതൃത്വത്തിലുള്ള പരീക്ഷാബോർഡ്, കൺവീനറായി ആത്മാർത്ഥമായി പ്രവർത്തിച്ച സാം വി. ഡാനിയൽ സാറിന്റെ നേതൃത്വത്തിലുള്ള കരിക്കുലം കമ്മിറ്റി, സൺഡേസ്കൂൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന ഡയറക്ടർമാർ, സെക്രട്ടറിമാർ, ഡിസ്ട്രിക് ഇൻസ്പെക്ടർമാർ, സെക്രട്ടറിമാർ, യൂണിറ്റുകളിലെ ഹെഡ്മാസ്റ്റർമാർ, എല്ലാറ്റിനുമുപരി സൺഡേസ്കൂൾ അദ്ധ്യാപകർ തുടങ്ങി നൂറുകണക്കിനു പ്രവർത്തകരോടു ഞാൻ കടപ്പെട്ടിരിക്കുന്നു. ഭദ്രാസന മെത്രാപ്പോലീത്താമാർ, ബഹു. വികാരിയച്ചന്മാർ, O.K.R. ഡയറക്ടറായി സ്തുത്യർഹമായി പ്രവർത്തിച്ച ബഹു. ഡോ. കെ. ഗീവർഗീസച്ചൻ തുടങ്ങി വിവിധതരത്തിൽ കൈത്താങ്ങൽതന്ന എല്ലാവരോടും എനിക്ക് വളരെ നന്ദിയുണ്ട്.

ഉത്തമമായ ദർശനത്തോടെ, ത്യാഗമനസ്സോടെ പ്രവർത്തിക്കുന്ന അനേകർ ഇന്നും ഈ പ്രസ്ഥാനത്തിനുണ്ട് എന്നതാണ് ഏറ്റവും വലിയ ശക്തി. സ്ഥാനമാനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവരും ഇല്ലാതില്ല. എങ്കിലും ദൈവാശ്രയബോധത്തോടെ യുവതലമുറയെ വാർത്തെടുക്കാൻ ശ്രമിക്കുന്നവരാണ് ഏറിയ പങ്കും. അവരുടെ നിര ഇനിയും വർദ്ധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

O.K.R.ന്റെ പ്രഥമ ഡയറക്ടറും നാഗ്പൂർ സെമിനാരിയുടെ പ്രഥമ പ്രിൻസിപ്പലും ഇപ്പോൾ വൈദികസെമിനാരി പ്രൊഫസറുമായ ബഹു. റെജി മാത്യു അച്ചൻ മെയ് 1-നു ചുമതല ഏറ്റിരിക്കുകയാണല്ലോ. അക്കാദമിക്തലത്തിലും മറ്റു പ്രവർത്തനങ്ങളിലും പ്രഗത്ഭനായ അദ്ദേഹത്തിന്റെ നേതൃത്വം വരുംകാലത്ത് സൺഡേസ്കൂളിന് വളരെ മുതൽക്കൂട്ടാകുമെന്നതിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് അദ്ദേഹത്തിന് എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.

സൺഡേസ്കൂൾ പ്രസ്ഥാനം എപ്പോഴും ഓർക്കേണ്ട ചില കാര്യങ്ങൾ ബാർആസിറേയുടെ പുസ്തകത്തിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പിന് വിരാമമിടട്ടെ. "ദൈവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. അത് സമാധാനവും ജീവനും സൗഖ്യവും വർദ്ധിപ്പിക്കുന്നു. അത് ബലമേറിയ ഊന്നുവടിയാകുന്നു. അത് മഹത്വത്തിന്റെ താങ്ങും നിത്യബഹുമാനവും ആകുന്നു. അതിനെ അനുഗമിക്കുന്നവന് അതിന്റെ വേരുകൾ നിത്യജീവനാകുന്നു. അതിന്റെ മുളകൾ ദീർഘായുസ്സും ആകുന്നു. അതിനെക്കുറിച്ച് എപ്പോഴും ചിന്തിക്കുന്ന മനുഷ്യൻ ഭാഗ്യവാനാകുന്നു. അത് സർവ്വ നിക്ഷേപങ്ങളെക്കാളും മഹത്തരം." (1: 14-16)

ദൈവത്തിനു മഹത്വം. എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി. പ്രാർത്ഥനയോടെ,

ക്രിസ്തുവിൽ നിങ്ങളുടെ സ്നേഹിതൻ ✦

# വളർച്ചയുടെ മാനങ്ങൾ



ഫാ. ഡോ. റ്റി.ജെ. ജോഷ്വാ

ഒ.എസ്.എസ്.എ.ഇ. ഡയറക്ടർ ജനറലായി സാരഥ്യം വഹിച്ച (1993–2007) കാലഘട്ടം, നിറഞ്ഞ സംതൃപ്തിയോടെയാണ് ബഹു. റ്റി.ജെ. ജോഷ്വാച്ചൻ 'ഓർമ്മയുടെ ചെപ്പുകൾ' എന്ന തന്റെ ആത്മകഥയിൽ അയവിറക്കുന്നത്. സൺഡേസ്കൂൾ അസ്സോസിയേഷന്റെ വളർച്ചയിൽ പുതിയ മാനങ്ങൾ കണ്ടെത്തിയ മൂന്നു പഞ്ചവത്സരങ്ങളായിരുന്നു അത്.

പബ്ലിഷർ

മനുഷ്യനായിത്തീർന്ന ദൈവപുത്രനെപ്പറ്റി ഓർക്കുവാനുള്ളത് അവിടുന്ന് പൂർണ്ണമനുഷ്യനെന്ന നിലയിൽ മനുഷ്യസ്വഭാവത്തിന്റെ എല്ലാ അനുഭവങ്ങളിലുംകൂടി കടന്നുപോയി—'പാപം ഒഴികെ' എന്നുള്ള ഒരു വ്യത്യാസം മാത്രം. ശിശുവായിരുന്നപ്പോൾ ശൈശവത്തിന്റെ എല്ലാ പരിമിതികളും സവിശേഷതകളും തനിക്കുണ്ടായിരുന്നു. ശൈശവം വളർച്ചയുടെ ഘട്ടമാണ്. തന്റെ വളർച്ചയുടെ ചിത്രം ലൂക്കോസ് വിവരിക്കുന്നു: "പൈതൽ വളർന്നു; ജ്ഞാനം നിറഞ്ഞു; ദൈവകൃപയും അവന്റെമേൽ ഉണ്ടായിരുന്നു." (ലൂക്കോ. 1:40). ഈ പ്രസ്താവന പോരാ എന്നു തോന്നിയിട്ട് മറ്റൊരു വാക്യംകൂടി നൽകുന്നു: "യേശുവോ, ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു." (ലൂക്കോ. 1:51). ലൂക്കോസ് മാത്രമേ യേശുവിന്റെ വളർച്ചയെപ്പറ്റിയുള്ള ചിത്രം നൽകുന്നുള്ളു.

ഈ രണ്ടു വാക്യങ്ങളും ചേർത്തുവച്ചുകൊണ്ട് അപഗ്രഥനം ചെയ്താൽ അഞ്ചു കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽപ്പെടുന്നു.

**1. ശാരീരികവളർച്ച (Physical growth):** "grow in stature" 'പൈതൽ വളർന്നു' എന്നുള്ളത് ശാരീരികവളർച്ചയെ സൂചിപ്പിക്കുന്നു. ശൈശവം, ബാല്യം, കൗമാരം ഈ മൂന്നു ഘട്ടങ്ങളിൽ വളർച്ച വേഗത്തിലാണ്. താരതമ്യേന രോഗം അധികം ബാധിക്കാത്ത ഘട്ടം! ശരിയായ ശാരീരികവളർച്ച സാധ്യമാകത്തക്കവണ്ണം മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. നല്ല ഭക്ഷണം, നല്ല വ്യായാമം, നല്ല പരിചയങ്ങൾ (good habits) ഇവ യഥാസമയം യഥാവിധി ലഭ്യമാക്കണം. ശരീരം ദൈവത്തിന്റെ മന്ദിരമാണ്; അതിന്റെ വളർച്ചയും ഭദ്രതയും ശ്രദ്ധിക്കേണ്ട കാര്യംതന്നെയാണ്. മുൻകാലത്തെ അപേക്ഷിച്ച് ഇന്ന് ഇവർ ശാരീരിക വളർച്ചയിൽ അതീവ ശ്രദ്ധാലുക്കളാണ്. വൈദ്യശാസ്ത്രത്തിന്റെ പുരോഗതിയും ജീവിതനിലവാരം ഉയർന്നതും ശാരീരകവളർച്ച നിർബാധമാക്കുവാൻ സഹായിക്കുന്നു.

**2. മാനസിക വളർച്ച (Mental growth):** He grew in wisdom. ജ്ഞാനം നിറഞ്ഞു. അഥവാ ജ്ഞാനത്തിൽ വളർന്നു. യേശുവിന് ഇതാവശ്യമുണ്ടോ? അവിടുന്നു ദൈവമല്ലേ? സകല ജ്ഞാനത്തിന്റെയും ഉറവിടം ദൈവമാകുന്നുവല്ലോ. യേശു പൂർണ്ണ മനുഷ്യനാണ്. മനുഷ്യത്വവും മാനസികവളർച്ച പ്രാപിക്കേണ്ടതുപോലെ ഈ ശിശുവിനും ജ്ഞാനത്തിൽ വളരേണ്ടിയിരുന്നു.

മാനസികവളർച്ച വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പഠനത്തിൽകൂടിയാണ്. വിദ്യാലയങ്ങളിൽക്കൂടി സാധ്യമാക്കുന്നത് അതുതന്നെയാണല്ലോ. ഇന്ന് ഈ വളർച്ച സാധ്യമാക്കുവാൻ തക്കവണ്ണം ഇന്റർനെന്റും ഐ.പാഡും യു ട്യൂബും മറ്റനവധി ഉപാധികളും സഹായത്തിനുണ്ട്. മുൻതലമുറയിലെ കുട്ടികളെ അപേക്ഷിച്ച് ഇന്നുള്ളവർ ഏറെ മുമ്പിലാണ്.

Knowledge is power വിജ്ഞാനം വലിയ ശക്തിയാണെന്നുള്ള വസ്തുത കുട്ടികൾ തിരിച്ചറിയണം. ബാലനായ യേശു പന്ത്രണ്ടു വയസ്സുള്ളപ്പോൾ യറുശലേമിൽ പെസഹാപെരുന്നാളിൽ സംബന്ധിക്കുവാൻ മാതാപിതാക്കളോടൊപ്പം പോയി. പെരുന്നാളിന്റെ ചട്ടവട്ടങ്ങൾ കഴിഞ്ഞപ്പോൾ തീർത്ഥാടകരൊക്കെ മടങ്ങിപ്പോയി. അക്കൂട്ടത്തിൽ യൗസേഫും മറിയാമും ഉൾപ്പെടും. എന്നാൽ ബാലനായ യേശു ദൈവാലയത്തിൽ തങ്ങി. അവിടെ കളിച്ചുനടക്കാനോ കൂട്ടുകാരോടൊത്ത് കൂത്താടിനടക്കാനോ ഒന്നുമായിരുന്നില്ല. മഹാപണ്ഡിതരായ റാബിമാരുടെ സമൂഹം യറുശലേമിൽ ഉണ്ട്. അവരിൽനിന്നു പഠിക്കുന്നതിനും തന്റെ അറിവു വിസ്തൃതമാക്കുന്നതിനും ലക്ഷ്യമിട്ടായിരുന്നു.

മകനെ അന്വേഷിച്ചു മടങ്ങിവന്ന മാതാവും യൗസേഫും കണ്ടത് റാബിമാരുടെ നടുവിൽ ഇരുന്ന് അവരിൽനിന്നു ശ്രവിക്കയും അവരോട് ചോദ്യങ്ങൾ ചോദിച്ചും കഴിയുന്ന ഒരു ഉത്തമ പഠിതാവിനെയാണ്. തന്റെ പഠനോദ്യമം അവിടെ അവസാനിക്കുന്നില്ല. തനിക്കു മൂന്ന് Text Books ഉണ്ടായിരുന്നു. 1. തോറ (ന്യായപ്രമാണം) 2. പ്രകൃതി (Nature) 2. മനുഷ്യർ (Human beings).

**3. ആത്മികവളർച്ച (Spiritual growth):** "ആത്മാവിൽ ബലപ്പെട്ടു." മനുഷ്യനു മാത്രമുള്ളതാണ് ആത്മാവ് എന്ന ഘടകം (spirit) ശരീരത്തിലും മനസ്സിലും വളരുന്നതുപോലെ, ആനുപാതികമായി ആത്മാവിലും വളരണം. അല്ലെങ്കിൽ സംഭവിക്കുന്നത് രാക്ഷസന്മാരും ബുദ്ധിരാക്ഷസന്മാരും ഉണ്ടാവുക എന്നതാണ്. അവർ സമൂഹത്തിന് ഭീഷണിയും അപകടവും ആയിരിക്കുമെന്നതിനു സംശയമില്ല.

ആത്മാവിലുള്ള വളർച്ച സാധ്യമാകുന്നത് ദൈവത്തോടുള്ള ബന്ധത്തിലാണ്. അതിനാണ് പ്രാർത്ഥന, തിരുവചനധ്യാനം, കുർബ്ബാനാനുഭവം, നോമ്പ്, ഉപവാസം, ജാഗരണം തുടങ്ങിയവ സഭയിൽക്കൂടി നാം അനുഷ്ഠിക്കുന്നത്. ആത്മാവിലുള്ള വളർച്ച യേശുവിനും വേണ്ടിയിരുന്നു. ആദ്യത്തെ രണ്ടു വളർച്ചയിൽ മാത്രം ശ്രദ്ധ വയ്ക്കുന്ന വിദ്യാഭ്യാസസമ്പ്രദായവും പരിപാടികളുമാണ് കലാലയത്തിൽ ലഭിക്കുന്നത്.

യേശു ആത്മാവിൽ ബലപ്പെട്ടത് എങ്ങനെ എന്നു സുവിശേഷങ്ങളിൽ നാം വായിക്കുന്നു. പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പേ തന്നെ മരുഭൂമിയിൽ നാല്പതു ദിവസം ഉപവാസം അനുഷ്ഠിച്ചു. പിന്നെ, നാം വായിക്കുന്നു, യേശു എല്ലാ ദിവസവും അതിരാവിലെ വിജനമായ സ്ഥലത്ത് ഏകാന്തതയിൽ പ്രാർത്ഥനാനിരതനായി കഴിഞ്ഞു. തന്റെ അത്ഭുതപ്രവൃത്തികൾ ചെയ്യുന്നതിനു മുമ്പ് പിതാവിനോടു പ്രാർത്ഥിക്കുമായിരുന്നു. ശാബതുനാളിൽ മുടങ്ങാതെ കൃത്യമായി സുനഗോഗിലെ ആരാധനയിൽ പങ്കുചേർന്നു. ഇങ്ങനെ ആത്മാവിലുള്ള വളർച്ചയും ശക്തീകരണവും അവിടുന്നു സാധ്യമാക്കി.

അവിടുന്നു നമുക്കു നല്ല മാതൃക കാണിച്ചുതരികയായിരുന്നു. ആത്മാവിന്റെ കാര്യം ഒരിക്കലും അശ്രദ്ധമായി തള്ളിക്കൂടാ. സൺഡേസ്കൂൾ പഠനംകൊണ്ട് ആത്മികവളർച്ചയ്ക്കു പര്യാപ്തമായ കാര്യങ്ങൾ മനസ്സിലാക്കുവാനും പ്രാവർത്തികമാക്കാനും സാധിക്കുന്നു. സെക്കുലർ എഡ്യൂക്കേഷന് നാം വലിയ പ്രാധാന്യം കല്പിച്ച് പലപ്പോഴും സൺഡേസ്കൂൾ അവഗണിക്കുന്ന അവസ്ഥ കടന്നുവരാറുണ്ട്. കോച്ചിങ് ക്ലാസ്സുകളൊക്കെ മുമ്പിൽ വരുമ്പോൾ സൺഡേസ്കൂൾ വിസ്മൃതമായിപ്പോകും. ആത്മികകാര്യങ്ങളിലുള്ള ഉത്സാഹവും തീക്ഷ്ണതയും വിട്ടുകളയാതെ സ്കൂളിലെയും കോളേജിലെയും പഠനങ്ങളിൽ ശ്രദ്ധിക്കണം.

**4. ദൈവകൃപയിൽ മുതിർന്നുവന്നു (Increased in favour with God):** ദൈവത്തോടുള്ള ബന്ധം അന്യൂനം പുലർത്തുമ്പോൾ കൃപ നമ്മിലേക്കു ഒഴുകി എത്തും. കൃപയിൽ വളരുക എന്നു പറഞ്ഞാൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും കൃപ പ്രവഹിച്ചു വരുന്ന അനുഭവമാണ്.

പൗലോസ് അപ്പോസ്തോലൻ സ്വന്തം ജീവിതത്തെ വിലയിരുത്തി: "ഞാനായിരിക്കുന്നതു ദൈവകൃപയാലാകുന്നു." I am what I am by the grace of God. മാത്രമല്ല, പൗലോസിന് കർത്താവിന്റെ സന്നിധിയിൽനിന്ന് ഉറപ്പു ലഭിച്ചു: "എന്റെ കൃപ നിനക്കു മതി." പ്രയാസങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചു മുന്നേറുവാൻ അദ്ദേഹത്തിനു കഴിഞ്ഞത് ഈ കൃപയുടെ അനുസ്യൂതമായ പ്രവർത്തനത്താലാണ്.

**5. "മനുഷ്യരുടെ പ്രീതിയിലും വളർന്നു" (In favour with man):** മറ്റുള്ളവരുമായി നല്ല

ബന്ധത്തിലും സഹകരണത്തിലും ജീവിക്കുക എന്നത് ജീവിതവിജയത്തിന് പ്രധാനഘടക മാണ്. യേശു വീട്ടിൽ മാത്രം കഴിഞ്ഞുകൂടുന്ന അനുഭവത്തിലല്ല വളർന്നത്. അതുകൊണ്ടാണ് പന്ത്രണ്ടാം വയസ്സിൽ ദേവാലയത്തിൽ നിന്നു മടങ്ങിപ്പോരുമ്പോൾ ബാലനായ യേശു ചാർച്ചക്കാരുടെയും മറ്റു സഹയാത്രികരുടെയും കൂട്ടത്തിൽ കാണുമെന്ന് യൗസേഫും മറിയാമും കരുതിയത്.

ദൈവം മനുഷ്യനെ ഒരു സാമൂഹ്യജീവിയായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. സമൂഹത്തോടു ബന്ധപ്പെട്ടും സമരസപ്പെട്ടും ജീവിക്കാൻ സാധിക്കണം. അപ്പോൾ മാത്രമേ നമ്മുടെ വ്യക്തിത്വം പുഷ്ടിപ്പെടുകയും ശക്തിപ്പെടുകയും ഉള്ളു. സൺഡേസ്കൂളിലും സെക്കുലർ വിദ്യാലയങ്ങളിലും സാമൂഹികബന്ധത്തിന് ഏറെ അവസരമുണ്ട്. അപ്പോഴാണ് സ്വാർത്ഥതയെ അതിജീവിക്കാനും മറ്റുള്ളവരെ ആദരിക്കാനും അവരുടെ ആവശ്യങ്ങളിൽ സഹായവുമായി കടന്നെത്താനും ഒക്കെ സാധിക്കുന്നത്.

യേശുവിന്റെ വളർച്ചയുടെ മാതൃകയാണ് നമുക്കു പിൻപറ്റാനുള്ളത്. നമ്മുടെ ശരീരവും ബുദ്ധിയും ആത്മാവും വളരുന്നതോടൊപ്പം ദൈവത്തോടും സമൂഹത്തോടും നല്ല ബന്ധം പുലർത്തി സാമൂഹികവളർച്ചയും സാധ്യമാക്കണം. അപ്പോഴാണ് സമ്പൂർണ്ണ വ്യക്തിത്വത്തിലേക്ക് നമുക്ക് പടിപടിയായി ഉയരുവാൻ കഴിയുന്നത്.

✦

## “കൗമാരത്തിലെ രൂപാന്തരങ്ങൾ”

“നീ അടുത്ത വീട്ടിലെ ചെറുക്കനെ നോക്കി പഠിക്കുക.”
ഇത് നാം മാതാപിതാക്കൾ പലപ്പോഴും കുട്ടികളോടു പറയുന്ന ഒരു വാക്യമാണ്. നിങ്ങളുടെ (നമ്മുടെ) മകന് ഒരിക്കലും അടുത്ത വീട്ടിലെ ചെറുക്കനെപ്പോലെയാവാൻ ഒക്കില്ല. തികച്ചും അർത്ഥശൂന്യമാണ് ഈ താരതമ്യപ്പെടുത്തൽ. മാത്രമല്ല, അതു കുട്ടിയുടെ മനസ്സിനെ വേദനിപ്പിക്കുകയും ചെയ്യും. അന്യനെ നോക്കി പഠിക്കാനുള്ള നിർദ്ദേശം അവന്റെ വ്യക്തിത്വത്തെ തള്ളിപ്പറയലാണ്. വീട്ടിൽ സ്വന്തം സഹോദരനെപ്പോലും നോക്കി പഠിക്കാൻ ഒരു കുട്ടിയോടു പറയാവുന്നതല്ല. ആരോട് താരതമ്യപ്പെടുത്തുന്നുവോ അവരോട് അമിതമായ ദേഷ്യവും പകയും താരതമ്യപ്പെടുത്തലിന് വിധേയനാകുന്നയാൾക്ക് ഉണ്ടാകും. അയാൾക്കെതിരെ എന്തും ചെയ്യുവാനുള്ള പ്രേരണ ഉണ്ടാകും. സഹോദരന്മാരെ താരതമ്യപ്പെടുത്തുമ്പോൾ അവർക്കിടയിൽ മത്സരബുദ്ധിയല്ല, പ്രത്യുത ശത്രുതയാണ് വളരുന്നതെന്ന് മാതാപിതാക്കൾക്ക് അറിയില്ല. താരതമ്യപ്പെടുത്തുന്ന മാതാപിതാക്കളോടും അദ്ധ്യാപപകരോടുപോലും കുട്ടി വൈരാഗ്യം വച്ചുപുലർത്താറുണ്ട്.

ഈ മാനസികനിലയിലുള്ളവർക്ക് തങ്ങളെക്കാൾ മെച്ചമായവരെ അംഗീകരിക്കാനോ അഭിനന്ദിക്കാനോ കഴിയാതെവരുന്നു. ശരിയായ മാർഗ്ഗത്തിൽ വിജയിക്കുവാൻ കഴിയില്ല എന്ന തോന്നലുണ്ടാകുന്നതോടെ കോപ്പിയടിപോലെയുള്ള കുറുക്കുവഴികകൾ കണ്ടെത്തും.

**മാതാപിതാക്കൾ ചെയ്യേണ്ടത്**

- കുട്ടികളിലുള്ള കഴിവുകളെ അഭിന്ദിക്കുക.
- തെറ്റു കണ്ടാൽ സ്നേഹത്തോടെ ചൂണ്ടിക്കാട്ടുക.
- മറ്റൊരാളേക്കാൾ മറ്റുകഴിവുകൾ ജന്മനാ കുട്ടിയ്ക്കുണ്ട് എന്ന് ബോധ്യപ്പെടുക.
- കുട്ടിയുടെ കഴിവിൽ അഭിമാനം കൊള്ളുന്നുവെന്ന് സംസാരത്തിലൂടെ മാത്രമല്ല, പ്രവർത്തനങ്ങളിലൂടെയും അറിയിക്കുക.
- താരതമ്യപ്പെടുത്തലല്ല കുട്ടികൾക്കു വേണ്ടത്, സ്നേഹവും അംഗീകാരവുമാണ്. അത് ലോഭംകൂടാതെ കൊടുക്കുക.

(കടപ്പാട്: ഡോ. ടി.ജെ. തോമസച്ചന്റെ ‘കൗമാരത്തിലെ രൂപാന്തരങ്ങൾ’ എന്ന പുസ്തകത്തിൽനിന്ന്)



# ചെറിയ കല്പനയും വലിയ പ്രതിഫലവും

"എന്റെ കുഞ്ഞാടുകളെ മേയിക്കുക" യോഹ. (21:15)

**(സി. സഖറിയാ റമ്പാൻ, താബോർ ദയറാ, പത്തനാപുരം)**

'The Sunday School' ന്റെ ആദ്യ ലക്കത്തിൽ (1972 മാർച്ച്) വന്ന ഈടുറ്റ ഈ ലേഖനം ഇവിടെ പുനഃപ്രസിദ്ധീകരിക്കുകയാണ്. ലേഖകനായ ദിവ്യശ്രീ സി. സഖറിയാ റമ്പാൻ പില്ക്കാലത്ത് സഖറിയാസ് മാർ ദീവന്നാസിയോസ് എന്ന പേരിൽ മദ്രാസ് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആകുകയും 1997 ജൂലൈ 7-നു കാലം ചെയ്യുകയും ചെയ്തു.
*—പബ്ലിഷർ*

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ തുടർച്ചയാണ് വി. സഭ. (Church is the extension of the Incarnation) പ. അപ്പോസ്തലന്മാർക്ക് പൊതുവായും വ്യക്തിപരമായും കർത്താവ് ഏല്പിച്ചിട്ടുള്ള അധികാരങ്ങൾ, നൽവരങ്ങൾ, സേവനരംഗങ്ങൾ ഇവയെല്ലാം പൊതുവെ എല്ലാ അപ്പോസ്തോലന്മാർക്കും തദ്വാരാ സഭയ്ക്കും ഏല്പിച്ചുകൊടുത്തിട്ടുള്ളവയാണ്. കർത്താവ് ഈ ചുമതലകൾ ഏല്പിക്കുന്ന കാലത്ത് ക്രിസ്തീയ സഭ വി. ശ്ലീഹന്മാരുടെ സംഖ്യയിൽ ഒതുങ്ങി നിന്നിരുന്നു. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ" "കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം" പെണ്ണാടുകളെയും ആണാടുകളെയും കുഞ്ഞാടുകളെയും മേയിക്കാനുള്ള ചുമതല ഇവയൊന്നും ഒരു വ്യക്തിക്കു കൊടുത്തവയല്ല. സഭയിലെ എല്ലാ അംഗങ്ങളും അവരവരുടെ സ്ഥാനത്തിനനുസൃതമായി നിർവഹിക്കേണ്ട കൂട്ടുത്തരവാദിത്വമാണ് കർത്താവ് ഏല്പിച്ചത്. മനുഷ്യാവതാരത്തിൽ താൻ ചെയ്ത സകലവും തന്റെ രണ്ടാമത്തെ വരവുവരെ തുടർന്നു ചെയ്തുകൊണ്ടിരിപ്പാൻ സഭയ്ക്കു കടപ്പാടും കർത്തവ്യവും ഉണ്ട്. ഈ പ്രവർത്തനത്തിൽ ഒരു പ്രധാന സ്ഥാനം അർഹിക്കുന്ന ജോലിയാണ് "എന്റെ കുഞ്ഞാടുകളെ മേയിക്കുക" എന്ന 'ചെറിയ' കല്പനയും.

ഒരു ശരീരത്തിന് ഒരു തല മാത്രമേയുള്ളു. സഭാഗാത്രത്തിനും തലയൊന്നുമാത്രം. അതു ക്രിസ്തുവാണ്. സഭയ്ക്ക് പിതാവും യജമാനനും താൻ മാത്രമാണ്. സഭയിലെ സ്ഥാനികളും ഇതര സഭാംഗങ്ങളും കാര്യവിചാരകന്മാർ മാത്രമാണ്. പരദേശത്തു പോകുന്ന യജമാനൻ ഓരോരുത്തർക്കും വേല കൊടുത്തിട്ടാണു പോകുന്നത് എന്നു കർത്താവ് ഒരു പമയിൽ വ്യക്തമാക്കുന്നു. (മർക്കോ. 13:34-35). ഈ ചുമതലകൾ നൽകുന്നതും യജമാനന്റെ വരവുകാത്ത് ഉണർവോടിരിക്കുന്നതോ, അപ്പോസ്തോലന്മാരോടും അവരുടെ പിൻഗാമികളായ സഭയിലെ വൈദികരോടും മാത്രമല്ല, പിന്നെയോ 'ഞാൻ നിങ്ങളോടു പറയുന്നതോ എല്ലാവരോടും പറയുന്നു; ഉണർന്നിരിപ്പിൻ' (മർക്കോ. 13:37.

കുഞ്ഞാടുകളെ മേയിക്കുന്ന ജോലിയുടെ സിംഹഭാഗവും വഹിക്കേണ്ടത് സൺഡേ സ്കൂൾ അദ്ധ്യാപകരാണ്. ശിശുക്കൾക്കു സ്വയം വന്ന് അനുഗ്രഹം പ്രാപിപ്പാൻ പ്രാപ്തിയില്ലാത്തതിനാൽ മാതാപിതാക്കളും സൺഡേ സ്കൂൾ അദ്ധ്യാപകരും അവരെ കർത്തൃസന്നിധിയിലേക്ക് കൊണ്ടുവരണം. "കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്." അദ്ധ്യാപകർ അവശ്യം അറിഞ്ഞിരിക്കേണ്ട ഒരു കാര്യം ഓർപ്പിക്കുക മാത്രമാണ്

ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. സഭാചരിത്രം, സഭാവിശ്വാസം, സഭാപിതാക്കന്മാരുടെ ചരിത്രം, സഭയിലെ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും ചരിത്രം, പ്രാർത്ഥന, വേദവാക്യം മുതലായവ പഠിപ്പിക്കുകയും പഠിപ്പിക്കാൻ കുഞ്ഞുങ്ങളെ ഉത്സാഹിപ്പിക്കുകയും ചെയ്യുകയെന്നതാണല്ലോ സൺഡേസ്കൂൾ അദ്ധ്യാപകരുടെ ചുമതല. അക്ഷരത്തിൽ കാണുന്നവ പഠിപ്പിക്കുന്നതിലുപരിയായി എഴുതപ്പെട്ടിരിക്കുന്നവയുടെ ആത്മാവിലേക്ക് (spirit) കടന്നു ചെല്ലുവാൻ അഭ്യസിപ്പിക്കേണ്ടതാണ്. കർത്താവിന്റെയും ദൈവമാതാവിന്റെയും മറ്റ് പരിശുദ്ധന്മാരുടെയും വിശ്വാസം കാത്ത സഭാപിതാക്കന്മാരുടെയും ജീവിതത്തിലേക്കു കടന്നുചെല്ലുവാൻ അവരെ സഹായിക്കേണ്ടതാണ്.

ഇന്നു രാഷ്ട്രീയനേതാക്കന്മാർ പ്രാവർത്തികമാക്കുന്ന ഉദ്ബോധനരീതി സഭാതലത്തിലും അനുവർത്തിക്കേണ്ടതാണ്. അക്ഷരമല്ല ആവേശമാണവർ പകർന്നുകൊടുക്കുന്നത്. സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം തുടങ്ങിയ ആശയങ്ങൾ ജനങ്ങളുടെ രക്തത്തിൽ കുത്തിവച്ച് അവരെ വിപ്ലവങ്ങളിലേക്കു നയിച്ച നേതാക്കന്മാർ അവരുടെ പ്രസംഗങ്ങളിൽക്കൂടി ആവേശം ജനങ്ങൾക്കു പകർന്നുകൊടുത്തു. മഹാനായ അലക്സാണ്ടർ പോരാളിവീരനായ നെപ്പോളിയൻ തുടങ്ങിയവർ തങ്ങളുടെ സൈന്യങ്ങൾക്ക് ആവേശം പകർന്നുകൊടുത്തുകൊണ്ടാണ് അവരെ യുദ്ധത്തിൽ നയിച്ചുകൊണ്ടിരുന്നത്. ആയുധമെടുക്കാൻ ആഹ്വാനം ചെയ്യാതെ ആവേശം പകർന്നുകൊടുത്തിട്ട് സ്വയമേ ആയുധം കൈയിലേന്താൻ പ്രേരണ നൽകുകയാണ് ഉത്തമം. **പാഠപുസ്തകങ്ങളിലെ ഭാഗങ്ങൾ വായിച്ചു തീർത്തും പറഞ്ഞു തീർത്തും പാഠ്യപദ്ധതിയനുസരിച്ച് ക്ലാസ്സുകൾ നടത്തുന്ന നിർജ്ജീവവും ചൈതന്യരഹിതവുമായ രംഗമായി സൺഡേസ്കൂൾ ക്ലാസ്സുകൾ പരിണമിച്ചിട്ടുണ്ട്. ഇതു കേവലം പോരായ്മയാണ്. വേദവാക്യങ്ങൾ ഹൃദിസ്ഥമാക്കുന്നത് വാക്യമത്സരത്തിൽ ചേർന്ന് സമ്മാനം വാങ്ങാനാണെന്നു മാത്രമേ കുഞ്ഞുങ്ങൾ ഗ്രഹിക്കുന്നുള്ളു. "നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്കു പ്രകാശവുമാകുന്നു." ജീവിതത്തിന്റെ അന്ധകാരകാലങ്ങളിൽ ഉരുവിട്ടുകൊണ്ട് ധൈര്യം പ്രാപിപ്പാനുള്ള ഉപാധികളാണീ വാക്യങ്ങളെന്ന് കുഞ്ഞുങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്.** ജീവിതത്തിന്റെ കാടുമേടുകളിലും പരുപരുത്ത വശങ്ങളിലും താങ്ങും തണലുമായിരുന്ന് ആശ്വസിപ്പിക്കേണ്ട 'വടിയും കോലുമാണ്' ഈ വാക്യങ്ങളെന്നും അവർ അറിയണം. ശദ്രക്ക്, മേശക്ക്, അബേദ്നഗോ എന്നീ ബാലന്മാർ ഏക ദൈവാരാധനയിൽ തീക്ഷ്ണരായി, രാജകീയ ഭോജനങ്ങളെ വെടിഞ്ഞ് നോമ്പും ഉപവാസവും സ്വീകരിച്ചുകൊണ്ട് അഗ്നിച്ചൂളയിൽ വെന്തുപോകാതിരുന്ന സംഭവം പഠിക്കുമ്പോൾ ആ ബാലന്മാരുടെ ഭക്തിവൈരാഗ്യം നമ്മുടെ കുഞ്ഞുങ്ങളിൽ പകരാൻ അദ്ധ്യാപകർ ശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ബാല്യകാല സംഭവങ്ങളും നസറേത്തിലെ ഭവനത്തിൽ താൻ വളർന്ന രീതിയും പഠിപ്പിക്കുമ്പോൾ ആ ജീവിതത്തിലേക്കെത്തിനോക്കാൻ കുഞ്ഞുങ്ങൾക്കും പ്രചോദനം ലഭിക്കുകതന്നെ വേണം. കർത്താവിനെ സ്നേഹിക്കുകയും തനിക്കുവേണ്ടി ജീവനെ വയ്ക്കുകയും ചെയ്ത സഹദേന്മാരുടെ ചരിത്രം പഠിപ്പിക്കുമ്പോൾ അവരുടെ സ്നേഹത്തിന്റെ മിന്നൽപിണർ കുഞ്ഞുങ്ങളിൽ വീശുവാൻ ഇടയാകണം. വി. മാതാവിന്റെ ചരിത്രം പഠിക്കുമ്പോൾ ആ നിർമ്മലകന്യകയുടെ താഴ്മയും ദൈവസ്നേഹവും പൈതങ്ങളിൽ പകർത്തുവാൻ ഉദ്യമിക്കണം. ഇങ്ങനെയുള്ള ഫലപ്രദമായ അഭ്യസനം മാത്രമെ പ്രയോജനം ചെയ്കയുള്ളു.

സൺഡേസ്കൂൾ അദ്ധ്യാപകന്റെ ജോലി ത്യാഗനിർഭരമായ ഒന്നാണ്. അതു വേതനമില്ലാത്ത സേവനം മാത്രമാണ്. അക്കാരണംകൊണ്ടുംകൂടെയായിരിക്കാം അദ്ധ്യാപക ദൗർലഭ്യം നിമിത്തം പല ഇടവകകളിലും സൺഡേസ്കൂൾ മാതൃകാപരമായ രീതിയിൽ നടക്കാത്തത്. കാര്യവിചാരകന്മാരിൽ പ്രത്യക്ഷമാകേണ്ട ഗുണങ്ങൾ വിശ്വസ്തതയും ബുദ്ധിയുമാണ്. കുഞ്ഞുങ്ങളെ മേയിക്കുന്ന ഇടയന്മാരായ കാര്യവിചാരകന്മാരിലും ഇതുതന്നെയാണ് പ്രതീക്ഷിക്കുന്നത്. "നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വയ്ക്കുന്നു." (യോഹ. 10:11) ജീവനെ വയ്ക്കുന്നത് സ്നേഹത്തിന്റെ ലക്ഷണമാണ്. സ്നേഹിതനുവേണ്ടി ജീവനെ വയ്ക്കുന്നതിലുപരിയായ സ്നേഹം മറ്റൊന്നില്ലെന്നു കർത്താവുതന്നെ കല്പിച്ചിട്ടുണ്ടല്ലോ. കുഞ്ഞുങ്ങളെ സ്നേഹി

ക്കുന്നതിന്റെയും കർത്താവിനെ സ്നേഹിക്കുന്നതിന്റെയും ലക്ഷണമാണ് സൺഡേസ്കൂൾ അദ്ധ്യാപകർ പ്രദർശിപ്പിക്കുന്ന ത്യാഗം. 'ഈ ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യുന്നതെല്ലാം എനിക്കു ചെയ്യുന്നതാകുന്നു.' ആദിമകാലങ്ങളിൽ സഭയ്ക്ക് പീഡയും എതിർപ്പും ഉണ്ടായിരുന്നപ്പോൾ കർത്താവിനെപ്രതി മരിപ്പാനും സഭയുടെ വളർച്ചയ്ക്കുവേണ്ടി രക്തം ചിന്തുവാനും അനേകർ സന്നദ്ധരായിരുന്നു. അവരുടെ ചരിത്രം പഠിപ്പിക്കുന്ന അദ്ധ്യാപകർ സഹദേന്മാരുടെ സ്നേഹത്തിൽനിന്നും ആവേശം പ്രാപിക്കുകയാണുവേണ്ടത്. പ്രതിഫലമില്ലെന്നു മാത്രമല്ല, മിക്കവാറും വിമർശനങ്ങൾക്ക് വിധേയരാകുന്ന ഗതികേടും ഇക്കൂട്ടർക്ക് വിരളമല്ല. അതിൽ കുപിതരാകുകയോ അതുകൊണ്ട് നിരാശപ്പെടുകയോ ചെയ്യാതെ അടിസ്ഥാനരഹിതമായ വിമർശനങ്ങളെപ്പോലും സസ്സന്തോഷം സ്വാഗതം ചെയ്യുന്ന മനോഭാവം ഒരുവിധ 'രക്തസാക്ഷിത്വം'തന്നെയാണ്. അതു തികഞ്ഞ ത്യാഗമാണ്. അർഹിക്കാത്ത വിമർശനങ്ങൾ സ്വാഗതം ചെയ്യുന്നതു പുണ്യമാണ്. "കുറ്റം ചെയ്തിട്ട് അടികൊണ്ടാൽ എന്തു പ്രയോജനം? ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിച്ചാൽ അതു പ്രസാദകരമത്രെ." ത്യാഗനിർഭരമായ സേവനമനോഭാവത്തോടുകൂടെ അദ്ധ്യാപകർ പ്രവർത്തിക്കുകയാണു വേണ്ടത്. അവർക്കു ലഭിക്കുന്നത് വലിയ പ്രതിഫലമാണ്. ഉത്തമന്മാരായ സൺഡേസ്കൂൾ അദ്ധ്യാപകർക്ക് സ്വർഗ്ഗരാജ്യത്തിൽ ശ്രേഷ്ഠമായ ഒരു സ്ഥാനം വാഗ്ദാനം ചെയ്തിട്ടുണ്ട്. "ആരെങ്കിലും അവ (ഏറ്റവും ചെറുതായ കല്പനകൾ) ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്താൽ, സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും." (മത്താ. 5:19) വിശ്വസ്തരായ കാര്യവിചാരകന്മാരെപ്പോലെ കണക്കു കൊടുക്കേണ്ട ഉത്തരവാദിത്വമുള്ളവരായി ഉണർന്നിരിക്കുമെങ്കിൽ ഭാവിയിലെ സഭാപൗരന്മാരായ കുഞ്ഞുങ്ങളെ സന്മാർഗ്ഗികളും സേവനതല്പരരും കൂദാശാജീവിതമുള്ളവരുമായി വാർത്തെടുക്കാൻ കഴിയുമെന്നുള്ളതിൽ സംശയമില്ല. സൺഡേസ്കൂൾ പ്രസ്ഥാനംവഴി സഭയുടെ കോട്ടകളെ ഉറപ്പിക്കുവാൻ ബ. വൈദികരും സൺഡേസ്കൂൾ അദ്ധ്യാപകരും സഹകരിച്ചു പ്രവർത്തിക്കുമെങ്കിൽ വിജയം നിശ്ചയം. ഈ പുതിയ പ്രസിദ്ധീകരണം ആ വഴിക്ക് ഒരു ചൂണ്ടുപലകയായി ഭവിക്കട്ടേയെന്ന് പ്രാർത്ഥിക്കുന്നു. ✦

## "Fools rush in where angels fear to tread"

(Study the idiom)

Meaning : Inexperienced people often do things without thinking matter thorough. They end up doing things which experienced people would avoid.

Origin : The expression is a Creation of the famous english poet and esseyist Alexander Pope who lived in the 18th century. The idiom is used in his "Essay on criticism" and the fools that Pope is referring to are the literary critics of that period.

?

**ഈ ചിഹ്നം കാണുന്ന ഫോട്ടോയ്ക്ക് ഉചിതമായ ഒരു തലക്കെട്ടും അടിക്കുറിപ്പും അയച്ചുതരിക. തെരഞ്ഞെടുക്കപ്പെടുന്നവ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.**

# ക്രൈസ്തവ സഭാചരിത്രത്തിലെ സ്ഥലനാമങ്ങൾക്കു വന്ന രൂപാന്തരം



**വർഗീസ് ജോൺ, തോട്ടപ്പുഴ**

ക്രൈസ്തവ സഭാചരിത്രത്തിൽ പ്രാധാന്യമുള്ള പല പട്ടണങ്ങളും ഇന്ന് തുർക്കി (Turkey)യിലാണ്. പൗരസ്ത്യ സഭയുമായി ബന്ധപ്പെട്ട ചില പട്ടണങ്ങൾ ഇറാക്കി (Iraq) ലും. അവയിൽ പലതും പുതിയ പേരുകളിലാണ് ഇന്ന് അറിയപ്പെടുന്നത്. ചില പട്ടണങ്ങൾ ഇന്നില്ല. നാശാവശിഷ്ടങ്ങൾ മാത്രമാണുള്ളത്. തുർക്കിയിലുള്ള ചില പട്ടണങ്ങളുടെ പഴയതും പുതിയതുമായ പേരുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| നിഖ്യാ (Nicaea) | - | ഇസ്നിക് (Iznik) |
| കുസ്തന്തീനോപ്പോലീസ്/ കോൺസ്റ്റാന്റിനോപ്പിൾ (Constantinople) | - | ഇസ്റ്റാൻബുൾ (Istanbul) |
| കൽക്കദോനിയാ/ കാൽസിഡോൻ (Chalcedon) | - | കാഡിക്കോയ് (Kadikoy) |
| അന്ത്യോഖ്യാ (Antioch) | - | അന്റാക്കിയാ (Antakya) |
| സ്മിർണാ (Smyrna) | - | ഇസ്മീർ (Izmir) |
| കൈസറിയാ (Caesarea) | - | കൈസെറീ (Kayseri) |
| ഉറഹാ/എഡേസാ (Edessa) | - | ഉർഫാ (Urfa) |
| ആമീദ് (Amida) | - | ഡയാർബക്കിർ (Diyar bakir) |
| നിസിബിസ് (Nisibis) | - | നുസൈബിൻ (Nusaybin) |

എ.ഡി. 330-നു മുമ്പ് കോൺസ്റ്റാന്റിനോപ്പിളിന്റെ പേര് ബൈസാന്റിയ (Byzantium)എന്നായിരുന്നു. 1930-ലാണ് ഇസ്റ്റാൻബുൾ എന്ന് പേരു മാറ്റിയത്. കാൽസിഡോൻ (കാഡിക്കോയ്) ഈ നഗരത്തിന്റെ ഒരു ഭാഗംതന്നെയാണ്. ബോസ്ഫറസ് കടലിടുക്ക് (Bosporus Strait) ഇവയെ തമ്മിൽ വേർതിരിക്കുന്നു. വടക്കുപടിഞ്ഞാറൻ തുർക്കിയിൽതന്നെ ഇസ്താൻബുളിന് 90 കി.മീ. തെക്കുകിഴക്കാണ് നിഖ്യാ (ഇസ്നിക്). തുർക്കിയുടെ തെക്ക്-മദ്ധ്യഭാഗത്ത് മെഡിറ്ററേനിയൻ തീരത്തുനിന്ന് 32 കി.മീ. ഉള്ളിൽ സിറിയൻ അതിർത്തിയോടടുത്താണ് അന്ത്യോഖ്യാ (അന്റാക്കിയാ). തുർക്കിയുടെ പടിഞ്ഞാറുഭാഗത്തുള്ള ഇസ്മീർ (സ്മിർണ്ണ) പ്രവിശ്യയിൽ സെൽജക്ക് എന്ന ചെറിയ പട്ടണത്തിനു സമീപം കെയ്സ്റ്റർ നദിയുടെ തെക്കേക്കരയിൽ നദീമുഖത്തുനിന്ന് അഞ്ചു കി.മീ. ഉള്ളിലായിട്ടായിരുന്നു എഫെസൂസ് (Ephesus) ന്റെ സ്ഥാനം. മർദിൻ (Mardin) മിദിയാത്ത് (Midyat) എന്നീ പട്ടണങ്ങൾ തുർക്കിയിൽ അതേപേരിൽ തന്നെ അറിയപ്പെടുന്നു. നോഹയുടെ പെട്ടകം ഉറച്ച അറാറാത്ത് പർവ്വതം (Mt. Ararat) തുർക്കിയുടെ വടക്കുകിഴക്കുഭാഗത്താണ്. മുമ്പ് അർമേനിയാ(Armenia)യുടെ ഭാഗമായിരുന്നു ഈ പ്രദേശം. പഴയ അർമേനിയയുടെ കുറെ ഭാഗങ്ങൾ ഇന്ന് തുർക്കിയിലും ഇറാനിലുമാണ്.

പൗരസ്ത്യസഭയുടെ പ്രധാന കേന്ദ്രമായ സെലൂക്യ-സ്റ്റെസിഫൺ (Seleucia-Ctesiphon) ഇറാക്കിൽ ബാഗ്ദാദിന് 32 കി.മീ. തെക്ക് ടൈഗ്രീസ് നദിയുടെ ഇരുകരകളിലായിട്ടായിരുന്നു സ്ഥിതിചെയ്തിരുന്നത്. ഇതേ നദിയുടെ തീരത്ത് മൂസലിനു (Mosul) മറുകരയിലായി

രുന്നു നിനവ(Nineveh)യുടെ സ്ഥാനം. മഫ്രിയാനേറ്റിന്റെ ആസ്ഥാനമായിരുന്ന തിഗ്രീസ്, ബാഗ്ദാദിന് 165 കി.മീ. വടക്ക് അൽപ്പം പടിഞ്ഞാറേക്കു മാറി ടൈഗ്രീസ് നദിയുടെ തീരത്തുള്ള തിഗ്രീത്ത് (Tikrit) ആണ്. ബാഗ്ദാദിന് 90 കി.മീ. തെക്ക് യൂഫ്രട്ടീസ് (Euphrates) നദിയുടെ ഒരു ശാഖയുടെ കരയിൽ ഇപ്പോഴത്തെ ഹില്ലാ(Hilla)യ്ക്ക് തൊട്ടു വടക്കായിരുന്നു ബാബിലോൺ (Babylon) അഥവാ ബാബേൽ (Babel) . മെസപ്പൊട്ടോമിയ, ബാബിലോണിയ, അസിറിയ തുടങ്ങിയ പ്രദേശങ്ങളുടെ ഭാഗങ്ങൾ ചേർന്നതാണ് ഇന്നത്തെ ഇറാക്ക്.

പുരാതന പാത്രിയർക്കേറ്റിന്റെ ആസ്ഥാനമായ അലക്സാന്ത്രിയ (Alexandria) ഈജിപ്റ്റിലാണ്. അന്ത്യോഖ്യാ, സെലൂക്യാ (സെലീഷ്യാ), കൈസറിയാ എന്നീ പേരുകളുള്ള ഒന്നിലധികം പട്ടണങ്ങൾ പുരാതനകാലത്തുണ്ടായിരുന്നു. അവയിൽ ക്രൈസ്തവ സഭാചരിത്രവുമായി കൂടുതൽ ബന്ധപ്പെട്ട പട്ടണങ്ങളുടെ കാര്യമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ✦

## ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തലവന്മാരും

1. കോപ്റ്റിക് ഓർത്തഡോക്സ് സഭ
   പോപ്പ് തെവദ്രോസ് II, അലക്സന്ത്രിയാ പാത്രിയർക്കീസ് (കെയ്റോ, ഈജിപ്റ്റ്)
2. എത്യോപ്യൻ ഓർത്തഡോക്സ് സഭ
   ആബൂനാ മത്ഥിയാസ്, എത്യോപ്യൻ പാത്രിയർക്കീസ് (ആഡിസ് അബാബാ, എത്യോപ്യ)
3. എറിത്രിയൻ ഓർത്തഡോക്സ് സഭ
   ആബൂനാ അന്തോനിയോസ്, എറിത്രിയൻ പാത്രിയർക്കീസ് (അസ്മാറാ, എറിത്രിയാ)
4. സിറിയക് ഓർത്തഡോക്സ് സഭ
   മാർ ഇഗ്നാത്തിയോസ് അപ്രേം II, അന്ത്യോഖ്യാ പാത്രിയർക്കീസ് (ഡമാസ്കസ്, സിറിയാ)
5. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
   മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് II, പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും (കോട്ടയം, ഇൻഡ്യ)
6. അർമേനിയൻ അപ്പോസ്തോലിക് സഭ
   a. കരേക്കിൻ II നർസിസിയാൻ, സുപ്രീം കാതോലിക്കോസ് (എക്മിയാഡ്സിൻ, അർമേനിയ)
   b. ആരാം I കെഷീഷിയാൻ, സിലീഷ്യൻ കാതോലിക്കോസ് (ആന്റിലിയാസ്, ലബനോൻ)

2015 ഏപ്രിൽ 23-ന് അർമേനിയായിൽ നടന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാരുടെ സമ്മേളനത്തിൽ രാഷ്ട്രീയ കാരണങ്ങളാൽ എത്യോപ്യൻ-എറിത്രിയൻ സഭാതലവന്മാർ സംബന്ധിച്ചില്ല.

## 'യാമം' തോറും കണ്ണീരാൽ...

| | | | |
|---|---|---|---|
| 1 വിനാഴിക | - 24 സെക്കന്റ് | 1 നാഴിക | - 60 വിനാഴിക |
| 1 നാഴിക | - 24 മിനിറ്റ് | 1 ദിവസം | - 60 നാഴിക |
| 1 മണിക്കൂർ | - $2^1/2$ നാഴിക | 1 യാമം | - 71/2 നാഴിക |
| 1 യാമം | - 3 മണിക്കൂർ | | |



# ഒ.വി.ബി.എസ്സിന് ഒരു പുതിയ മുഖം

ആദ്യകാലങ്ങളിൽ VBS ആയും തുടർന്ന് കഴിഞ്ഞ 37 വർഷങ്ങളായി OVBS ആയും സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഒരു പ്രധാന ഡിപ്പാർട്ട്മെന്റ് ആയി പ്രവർത്തിച്ചുവരുന്ന OVBS, 2016-ഓടെ കാലഘട്ടത്തിന് അനുയോജ്യമായി, മാറ്റങ്ങൾക്ക് വിധേയമാകുന്നു. കഴിഞ്ഞ 12 വർഷമായി ഉപയോഗിച്ചുവന്നിരുന്ന കരിക്കുലത്തിനും അതിനോട് ബന്ധപ്പെട്ട പാഠപുസ്തകങ്ങൾക്കും പ്രവർത്തനങ്ങൾക്കും കാര്യമായ മാറ്റങ്ങൾ ഉണ്ടാകുന്നവിധത്തിൽ ഒ.വി.ബി.എസ്സിന്റെ പുതിയ കരിക്കുലംകമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

ഇക്കാലത്ത് കുട്ടികൾ മധ്യവേനൽ അവധിക്ക് Summer Camp; വ്യക്തിത്വവികസന പരിപാടികൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവയിൽ ധാരാളം പങ്കെടുക്കാറുണ്ട്. ഇത്തരം പ്രോഗ്രാമുകൾ ഗ്രാമീണ മേഖലയിലുള്ള കുട്ടികൾക്ക് അപ്രാപ്യമാണ്. ടി.വി./ ഇന്റർനെറ്റ്/ മൊബൈൽ ഫോൺ ഇവയുടെ ഉപയോഗം കൂടിയതോടെ നമ്മുടെ കുട്ടികളുടെ സമയം പ്രയോജനമില്ലാതെ അപഹരിക്കപ്പെട്ടുവരുന്നു. OVBS കരിക്കുലം റിവിഷനിൽ ക്രിസ്തു കേന്ദ്രീകൃതമായ പാഠ്യപദ്ധതിയിലൂടെ ബൈബിൾ പഠനത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുക, കുട്ടികളുടെ വ്യക്തിത്വവികസനം, അവരുടെ സർഗ്ഗവാസനകളും കഴിവുകളും വളർത്തുക, സമൂഹത്തെ അറിയുന്നവരും സമൂഹത്തിൽ ഇടപെടുന്നവരും സമൂഹത്തിന് പ്രയോജനമുള്ളവരും ആയി മാറ്റുക എന്നിവയാണ് ലക്ഷ്യമിടുന്നത്. ഗ്രാമീണ മേഖലയുടെയും നഗരമേഖലയുടെയും പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ടാണ് പാഠ്യപദ്ധതി തയ്യാറാക്കുന്നത്.

2016 മുതൽ OVBS ആറു ദിവസങ്ങളിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ ഉദ്ഘാടനദിനം, സമാപനദിനം എന്നിങ്ങനെ രണ്ട് ദിവസങ്ങൾ കൂടിയുണ്ടാകും. ഞായറാഴ്ച മുതൽ ഞായറാഴ്ചവരെ എന്ന് ക്രമീകരിക്കാമെങ്കിലും ഒരു ഞായറാഴ്ചയിൽ കൂടുതൽ സൺഡേസ്കൂൾ ക്ലാസ്സുകൾ നഷ്ടപ്പെടുന്നത് ഭൂഷണമല്ല. ഉദ്ഘാടനം, സമാപനം തുടങ്ങി OVBS ന്റെ മുഴുവൻ പരിപാടികളിലും ഇടവകയിലെ ആളുകൾ ഒന്നടങ്കം പങ്കെടുക്കുന്ന രീതിയിൽ വേണം പ്രോഗ്രാമുകൾ നടത്തേണ്ടത്.

ഓരോ യൂണിറ്റിലും OVBS facilitator ആയി ആ യൂണിറ്റിൽനിന്നല്ലാത്ത ഒരു വ്യക്തി ഉണ്ടാകും എന്നുള്ളത് പുതിയ കരിക്കുലത്തിന്റെ പ്രത്യേകതയാണ്. OVBS facilitator യൂണിറ്റിന്റെ OVBS പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിക്കാതെ ക്രമീകരിക്കുന്നതിന് നേതൃത്വം വഹിക്കും.

OVBS -ൽ നടത്തുന്ന ധ്യാനപ്രസംഗങ്ങൾക്ക് മാറ്റമുണ്ടാകും. പുതിയ രീതിയിലുള്ള meditation നോടെയാകും ക്ലാസ്സുകൾ ആരംഭിക്കുന്നത്. വിവിധ ക്ലാസ്സുകളിൽനിന്നും അനേകം പാഠങ്ങൾ പഠിക്കുന്ന രീതിയിൽനിന്ന് വ്യത്യസ്തമായി ഓരോ ദിവസവും എല്ലാ ക്ലാസ്സുകളിലും ഒരേ വിഷയംതന്നെ പഠിപ്പിക്കുന്ന രീതി നിലവിൽവരും. മൂന്നു ദിവസങ്ങളിൽ OVBS Full time (രാവിലെയും ഉച്ചകഴിഞ്ഞും) ആയിട്ടായിരിക്കും നടത്തുന്നത്. രാവിലെ രണ്ടാമത്തെ പീരീഡും ഉച്ചകഴിഞ്ഞുള്ള സമയവും കുട്ടികളുടെ കഴിവുകളെ വളർത്തുകയും സാമൂഹിക പ്രതിബന്ധത ഉണ്ടാകുന്നതുമായ പ്രോഗ്രാമുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സൺഡേസ്കൂൾ പാഠപുസ്തകങ്ങളുടെ റിവിഷൻ പൂർത്തിയായതോടെയാണ് OVBS പാഠ്യപദ്ധതിയുടെ റിവിഷൻ ആരംഭിച്ചിട്ടുള്ളത്. റിവിഷന്റെ പ്രാരംഭമായി അറിയിപ്പുകൾ നൽകി സഭാംഗങ്ങളിൽനിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുകയുണ്ടായി. തുടർന്ന് എല്ലാ ഭദ്രാസനങ്ങളിൽനിന്നും കുട്ടികളുടെ പ്രവർ

ത്തനങ്ങളിൽ വിദഗ്ദ്ധരായ പ്രതിനിധികളുടെ മീറ്റിങ് നടത്തി അഭിപ്രായങ്ങൾ സ്വീകരിച്ചു.

അഭിവന്ദ്യ ഐറേനിയസ് തിരുമേനി (പ്രസിഡന്റ്), ഫാ. ഡോ. റെജി മാത്യു (ഡയറക്ടർ ജനറൽ), ഫാ. കെ.വി. തോമസ് (പബ്ലിക്കേഷൻ ഓഫീസർ), പ്രൊഫ. ചെറിയാൻ തോമസ് (എക്സിക്യൂട്ടീവ് ഓഫീസർ), ശ്രീ സന്തോഷ് ബേബി (ട്രഷറർ), ഫാ. കുര്യൻ തോമസ് (ഒ.വി.ബി.എസ്. ഡയറക്ടർ), ഡോ. ഐപ്പ് വർഗീസ് (ഒ.വി.ബി.എസ്. ജനറൽ സെക്രട്ടറി), ഫാ. കെ.വി. ഏലിയാസ്, ഫാ. സോളൂ കോശി, പ്രൊഫ. ഡോ. സാമുവേൽ ഡാനിയേൽ, ശ്രീമതി സീനു ബിജേഷ്, ശ്രീ സനു മാത്യു, ഡോ. വർഗീസ് പുന്നൂസ്, ശ്രീ ലാഫ്സൺ, ശ്രീ ഫിലിപ്പോസ്പൗലോസ്, പ്രൊഫ.ജോസഫ് കുരുവിള, ശ്രീ പോൾ വർഗീസ് എന്നിങ്ങനെ OVBS Central Committee, OVBS കരിക്കുലം കമ്മിറ്റി, പ്രത്യേക ക്ഷണിതാക്കളായ Experts എന്നിവരടങ്ങുന്ന ഒരു team ആണ് പുസ്തകം തയ്യാറാക്കുന്നത്.

ഉയർന്ന ഗുണനിലവാരമുള്ള മറ്റീരിയൽസ് തരുന്നതും പുതിയ കരിക്കുലത്തിന്റെ ഭാഗമാണ്. ഇതിന്റെ പ്രാരംഭമായി കഴിഞ്ഞ വർഷങ്ങളിൽതന്നെ teacher/student certificate, Badge എന്നിവ നല്ല നിലവാരത്തിൽ തയ്യാറാക്കിയിരുന്നു.

**ഒ.വി.ബി.എസ്. 2016,**
**ചിന്താവിഷയം**

ദൈവം എന്റെ പരമാനന്ദം (God is my great joy) സങ്കീ. 43:4. പുതിയ കരിക്കുലത്തിൽ ഓരോ വർഷവും പുതിയ പാഠങ്ങളാണ് തയ്യാറാക്കുന്നത്. ഇതിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ പിന്നീട് സർക്കുലർ വഴിയായി അറിയിക്കുന്നതാണ്. പുതിയ കരിക്കുലം കമ്മിറ്റിയുടെ പ്രവർത്തനവിജയത്തിനായി പ്രാർത്ഥനകളിൽ പ്രത്യേകം ഓർക്കുമല്ലോ.

**ഡോ. ഐപ്പ് വർഗീസ്**
*കൺവീനർ, ഒ.വി.ബി.എസ്.*
*കരിക്കുലം റിവിഷൻ കമ്മിറ്റി*
*(ജനറൽ സെക്രട്ടറി, ഒ.വി.ബി.എസ്)*

✦

## ഒ.വി.ബി.എസ്. 2016
## ഗാനങ്ങൾ ക്ഷണിക്കുന്നു

ദൈവം എന്റെ പരമാനന്ദം (God is my great joy) Psalms 43:4. എന്ന വിഷയത്തെ ആസ്പദമാക്കിയോ അല്ലാതെയോ നല്ല ആശയങ്ങൾ ഉൾക്കൊള്ളുന്ന കുട്ടികളുടെ അഭിരുചിക്ക് ഇണങ്ങുന്ന ഗാനങ്ങൾ ക്ഷണിക്കുന്നു. ഗാനങ്ങൾ ഏതു ഭാഷകളിലും സ്വീകാര്യമാണ്. തെരഞ്ഞെടുക്കപ്പെടുന്നവ 2016-ലെ ഒ.വി.ബി.എസ്. ഗാനങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്. സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 15, 2015.
Tel. 944644815

**"All birds find shelter during a rain. But Eagle avoids rain by flying above the clouds."**

**'Problems are common but attitude makes the difference.'**

*–APJ Abdul Kalam*

## അറിയിപ്പ്

**1972-ൽ ആരംഭിച്ച 'ദ് സൺഡേ സ്കൂൾ' (The Sunday School) എന്ന ത്രൈമാസികയുടെ ലക്കങ്ങൾ, OSSAE യുടെ പ്രാരംഭകാലത്തെ കേന്ദ്രവാർഷികറിപ്പോർട്ടുകൾ, സർക്കുലറുകൾ തുടങ്ങിയവയുടെ പ്രതികൾ ഇനിയും ചിലതു കിട്ടാനുണ്ട്. കൈവശമുള്ളവർ അറിയിക്കുക**



# My Experience as a Sunday School Student:
## A Retrospect

**Arun Jacob**

Arun Jacob, is an alumnus of the Orthodox Syrian Sunday School. He was the 'Sunday School Prathibha' in 2001. He completed his undergraduate studies in Economics at St. Stephen's College, Delhi. He later pursued his graduate studies in economics at the university of Cambridge as a GATE Scholar. Now he is working as 'Associated Economic Officer, UNCTAD, United Nations, Geneva. He is the son of Fr. Dr. Jacob Kurian (former Principal of Orthodox Theological Seminary, Kottayam) and Prof. Leela Jacob (Baselius College).

Email Id: arunjacob0606@gmail.com

I would start the article with a disclaimer. Whenever one sees someone sharing their experience on any institution, it is assumed that the author is an accomplished persona in some field. But, in my case this assumption does not hold and I doubt my eligibility to share a write up in this publication in that conventional conception about the author's qualification. I want to make this fact clear at the onset. So if you are here wishing for a written piece of a role model, I highly doubt you are reading the right article. The only qualification I would like to put forth as an author is that I was a regular and active student of the Orthodox Syrian Sunday School till 2004 at the Old Seminary Church, Kottayam, where I finished the 10th grade of Sunday School studies.

What did I achieve through my ten year's of investment in Sunday School experience? Thanks to my conviction, I was able to answer this question without much thought. Through the Sunday school experience, I was better able to learn and interpret the word of God, it threw light on the pillars of faith of my church, fathom the struggle undertook by our ancestors to preserve the faith. Also, it helped me make some good friends and the experience of writing exams for Sunday School aided me in my curricular work. As a regular participant in the Sunday school elocution competition, I achieved the confidence to face bigger audience and hone my oratorical skills. Above all, it made me closer to God and instilled Christian values in me. I am ever thankful to the Orthodox Syrian Sun-

day school for that wonderful opportunity.

We are living in a very dynamic world where relevance of spirituality and religious education is challenged, tested and even negated by diverse forces ranging from science to multi-lateral corporations. A child today is taught to ask 'why?' and seek logical reasoning behind each act imposed on him/her by anyone including religion or family. In this context the Orthodox Syrian Sunday School need to cater its content to the contemporary youth. A challenge, faced by Christianity at large in the process to spread Christian values in this ego-centric consumerist globalized society. Since, Sunday School is the mould in which future church members are casted, perhaps the onus on Sunday Schools is far graver compared to other church organizations.

The best way to cater to the present day children is by being empathetic. The Christian Sunday school cannot shy away from the fact the children are exposed to all challenges and temptations of modern world, right from a very young age. The Sunday school syllabus should define and discuss each of these challenges, and equip the children to identify pragmatic Christian response to each of these challenges. The children of today are in search of answers to a plethora of moral dilemmas they face in their lives. The Sunday school should evolve itself to an organization that provides spiritual remedies to such dilemmas. This should take place simultaneously while pursuing the core work of Sunday school of spreading Orthodox beliefs and Christian values. Hence, a complete overhaul of the Sunday school curriculum is perhaps indispensible.

Also, all the examination procedures in Sunday school should closely follow the pattern in current academic world. Hence, student's taking the Sunday school exams will be at an advantage as they get additional exam writing practice. The Sunday school teachers must be specially trained to deliver these reformed curriculum. Also, children would be more willing to listen to the more educated and accomplished members of the Parish. Special programs to attract qualified church members to volunteer for Sunday school teaching must be launched. It will be a good idea to keep track of the eminent Sunday school alumni and to encourage them to participate and contribute to Sunday school activities at various instances.

These are my humble suggestions to make Sunday school more resourceful to today's youth. When the children are convinced that there is something to be gained from going to the Sunday school they will voluntarily attend Sunday school without any need of compulsion from parents. I wish all the very best to Sunday School in this transformation task!

✦

AIM HIGH
DREAM HIGH
AIM FOR THE STARS
IF YOU FALL YOU WILL LAND ON THE CLOUDS
AIM HIGH, NOTHING IS IMPOSSIBLE, JUST WALK WITH FAITH

# Question Bank

## ക്ലാസ്സ് 10

### പാഠം 1

### പഴയ-പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം

ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ പുസ്തകത്തിൽനിന്നും കണ്ടുപിടിച്ച് നോട്ടുബുക്കിൽ എഴുതിവയ്ക്കുക. ഉത്തരങ്ങൾ ലഭിക്കുന്ന പേജിന്റെ നമ്പർ ബ്രായ്ക്കറ്റിൽ കൊടുത്തിട്ടുണ്ട്.

- ബാബേൽപ്രവാസത്തിൽനിന്നും മടങ്ങിവന്ന യഹൂദന്മാരെക്കുറിച്ചു പ്രതിപാദിക്കുന്ന പഴയനിയമ ഗ്രന്ഥങ്ങൾ ഏവ? (13)
- പഴയനിയമത്തിലെ ആദ്യപുസ്തകം എഴുതപ്പെട്ട വർഷം ഏത്? (14)
- സെരുബാബേൽ ഏതു ഗോത്രക്കാരൻ? (14)
- യരുശലേം രണ്ടാം ദേവാലയം ഏത്? (14)
- ക്രിസ്തുവിനുമുമ്പ് ഒന്നും രണ്ടും നൂറ്റാണ്ടുകളിലെ സംഗതികളെക്കുറിച്ച് അറിവു തരുന്ന വേദപുസ്തകഗ്രന്ഥം ഏത്?(14)
- പുരാതന പശ്ചിമേഷ്യയിൽ യിസ്രായേലിനെത്തുടർന്നുവന്ന വൻശക്തികൾ ഏതെല്ലാമായിരുന്നു? (14)
- യവനകാലഘട്ടം എന്നാൽ എന്ത്? (15)
- Septuagint (സപ്തതി) എന്നറിയപ്പെടുന്ന വേദപുസ്തകം ഏത്? (15)
- യോർദ്ദാൻ നദിയുടെ പ്രഭവസ്ഥാനം ഏത്? (15)
- മിസ്രയീമും യഹൂദദേശവും സെലൂക്കസ് വംശത്തിന്റെ കീഴിലാകുന്നത് ഏതു സാഹചര്യത്തിലാണ്? (15)
- ടോളമി ഭരണത്തിന് അന്ത്യംകുറിച്ച രാജാവ് ആര്? (15)
- അന്തിയോക്കസ് IV ഭരണമേൽക്കുമ്പോൾ യരൂശലേമിലെ പ്രധാനപുരോഹിതൻ? (15)
- യരുശലേം ദേവാലയത്തിലെ സമ്പത്തിനെക്കുറിച്ച് അന്ത്യോക്കസിന് ഒറ്റിക്കൊടുത്ത ദേവാലയസൈനികപ്രമാണി? (15)
- യരുശലേമിലെ പുരോഹിതസ്ഥാനം ഒരു പുറജാതിക്കാരന്റെ കൈയിലെത്തിയ സാഹചര്യം എന്ത്? (15)
- ഹന്നൂക്കാ പെരുന്നാൾ (പ്രതിഷ്ഠാപ്പെരുന്നാൾ) എന്തിന്റെ സ്മരണയാണ്? (16)
- അന്തിയോക്കസ് IV യഹൂദന്മാരോടു ചെയ്ത നീചകൃത്യങ്ങൾ എന്തെല്ലാം? (16)
- മക്കാബി എന്ന വാക്കിന്റെ അർത്ഥമെന്ത്? (16)
- ഹസ്മോന്യരാജവംശകാലഘട്ടത്തിൽ യിസ്രായേലിലുണ്ടായ പ്രധാന സംഭവവികാസങ്ങൾ ഏതെല്ലാം? (17)
- ഹസ്മോന്യ രാജവംശത്തിൽ യിസ്രായേലിനെ ഭരിച്ച രാജ്ഞി? (17)
- അരിസ്റ്റോബുലസിന്റെ അവസാനം എങ്ങനെയായിരുന്നു? (18)
- ഹെരോദാവിനെ രാജാവാക്കുവാൻ സഹായിച്ചവർ ആരെല്ലാം? (18)

- ഔഗസ്തോസ് കൈസറുടെ ആദ്യനാമം എന്തായിരുന്നു? (18)
- ഹസ്മോന്യരാജവംശം അവസാനിപ്പിച്ച രാജാവ്? (18)
- ഹെരോദാരാജാവിന്റെ ഏറ്റവും വലിയ സംഭാവന എന്തായിരുന്നു? (19)
- യരുശലേം റോമിന്റെ നേരിട്ടുള്ള ഭരണത്തിലാകുവാനുള്ള സാഹചര്യം എന്ത്? (19)
- ഹിർക്കാനസിന്റെ (II) സുഹൃത്തായ ഇദുമ്യക്കാരൻ ആര്? (19)

**പാഠം 2**

## പഴയനിയമ ആരാധന

- ഓരോ മനുഷ്യനും തന്റെ സ്രഷ്ടാവായ ദൈവത്തോടുള്ള വിശ്വാസപ്രതികരണമാണ് ................ (പൂരിപ്പിക്കുക) (21)
- വേദഗ്രന്ഥങ്ങളുടെ ക്രോഡീകരണത്തിനു പിന്നിലെ ലക്ഷ്യം എന്തായിരുന്നു (22) ഉദാഹരണങ്ങൾ പറയുക.
- പൂർവ്വപിതാക്കന്മാരുടെ കാലത്തെ ആരാധനയുടെ പ്രത്യേകതത എന്തായിരുന്നു? (22)
- ഷെക്കീനാ എന്നാൽ എന്ത്? (23)
- പിതാക്കന്മാർക്കു ദൈവസംസർഗ്ഗം സാധ്യമായ മൂന്നു സ്ഥലങ്ങൾ എഴുതുക (23)
- ശീലോവ് ആരാധനാകേന്ദ്രമാകുവാൻ കാരണമെന്ത്? (23)
- സമാഗമനകൂടാരത്തിന്റെ പ്രാധാന്യം എന്ത്?
- യിസ്രായേലിന്റെ രണ്ടാമത്തെ രാജാവ് ? (23)
- ശലോമോന്റെ കാലത്ത് ആരാധനയിൽ വന്ന മാറ്റം എന്ത്? (23)
- ബഥേൽ തുടങ്ങിയ പൂജാഗിരികളുടെ പുനരുദ്ധാരണത്തിന് ഇടയായ സാഹചര്യം എന്ത്? (24)
- പഴയനിയമആരാധനയിൽ വന്ന വ്യതിയാനങ്ങൾ വിശദീകരിക്കുക/സമയത്തിന്റെ വിശുദ്ധീകരണത്തിൽനിന്നും സ്ഥലത്തിന്റെ വിശുദ്ധീകരണത്തിലേക്ക് ആരാധന മാറി. വിശദീകരിക്കുക (22, 23, 24)
- സുന്നഗോഗ് ആരാധനയുടെ തുടക്കം എങ്ങനെ? (24)
- സുന്നഗോഗ് ആരാധനയുടെ ഘടകങ്ങൾ എന്തെല്ലാം? (24)
- അഹരോന്യ ആശീർവാദം എന്നാൽ എന്ത്? (24)
- സുന്നഗോഗ് ആരാധനയും ദേവാലയ ആരാധനയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ഏവ? (24)
- യേശുവിന്റെ കാലത്ത് നിലവിലിരുന്ന ആരാധനാരീതികൾ ഏവ? (25)
- പഴയനിയമ ആരാധന ചലനാത്മകമായിരുന്നു. സമർത്ഥിക്കുക. (22-24)

  (Hint: സാഹചര്യങ്ങൾക്കനുസരിച്ച് ആരാധനാരീതിയിൽ വന്ന മാറ്റങ്ങൾ വിശദീകരിക്കണം)

(തുടരും)

*തയ്യാറാക്കിയത്:* **പ്രൊഫ. ചെറിയാൻ തോമസ്**

**സൺഡേസ്കൂളിലെ എല്ലാ പ്രസംഗമത്സരത്തിനും 5 മിനിട്ടാണ് സമയം അനുവദിച്ചിട്ടുള്ളത്. 4 മിനിട്ടു കഴിയുമ്പോൾ വാണിങ് ബെൽ കൊടുക്കണം. സീനിയർ പ്രസംഗമത്സരത്തിന്റെ വിഷയം പ്രസംഗം ആരംഭിക്കുന്നതിന് 10 മിനിറ്റു മുമ്പ് ഓരോ വിദ്യാർത്ഥിക്കും നൽകണം.**

## 2015 ജൂൺ 12, 13 തീയതികളിൽ സോഫിയാസെന്ററിൽകൂടിയ സൺഡേസ്കൂൾ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിലെ പ്രധാന തീരുമാനങ്ങൾ

1. **താഴെപറയുന്ന പ്രധാന തെരഞ്ഞെടുപ്പുകൾ നടന്നു.**
   - ട്രഷറാർ – ശ്രീ സന്തോഷ് ബേബി എ.കെ.
   - ഒ.വി.ബി.എസ്. ഡയറക്ടർ – റവ. ഫാ. കുര്യൻ തോമസ്, കരിപ്പാൽ
   - ഒ.വി.ബി.എസ്. ജനറൽ സെക്രട്ടറി – ഡോ. ഐപ്പ് വറുഗീസ്

   **ഒ.വി.ബി.എസ്. കമ്മിറ്റി അംഗങ്ങൾ**
   - ശ്രീ ജേക്കബ് ജോർജ്, കൊല്ലം ഭദ്രാസനം
   - ജോൺ കെ. മാത്യു, മാവേലിക്കര ഭദ്രാസനം
   - ഫാ. കെ.വി. ഏലിയാസ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസനം
   - ഫാ. സോളു കെ. രാജു, കൊല്ലം ഭദ്രാസനം
   - ശ്രീമതി സീനു ബിജേഷ്, കോട്ടയം ഭദ്രാസനം

   **പരീക്ഷാബോർഡ്**
   - ശ്രീ എം.ജി. വിൽസൺ, കൊല്ലം ഭദ്രാസനം
   - ശ്രീ സി.എം. തോമസ്, ചെങ്ങന്നൂർ ഭദ്രാസനം
   - ശ്രീ സി.കെ. ജേക്കബ്, ഇടുക്കി ഭദ്രാസനം
   - ശ്രീ വി.സി. ചെറിയാൻ, തൃശൂർ ഭദ്രാസനം
   - ശ്രീ റ്റി.കെ. പീറ്റർ, കുന്നംകുളം ഭദ്രാസനം

   ഇവർക്കു പുറമെ പ്രൊഫ. ബാബു വറുഗീസ്, ശ്രീ കെ.സി. ലാഫ്സൺ എന്നിവരെ പ്രസിഡന്റു തിരുമേനി പരീക്ഷാ ബോർഡിലേക്കു നോമിനേറ്റു ചെയ്തു. (ബഹു. കെ.വി. ഏലിയാസച്ചനെ എക്സാമിനേഷൻ കൺട്രോളർ ആയി പിന്നീട് നിയമിച്ചു.)

   **സോണൽ സഹപാഠ്യമത്സര ചീഫ് സൂപ്രണ്ടുമാർ**
   - സൗത്ത് സോൺ – പ്രൊഫ. ജോസ് വി. കോശി, അടൂർ, കടമ്പനാട്
   - സൗത്ത് സെൻട്രൽ സോൺ – ശ്രീ ജി. വർഗീസ്, ചെങ്ങന്നൂർ
   - സെൻട്രൽ സോൺ – സി.കെ. ജേക്കബ്, ഇടുക്കി
   - നോർത്ത് സോൺ – ഫാ. കെ.വി. ഏലിയാസ്, കണ്ടനാട് ഈസ്റ്റ്
   - മലബാർ സോൺ – ശ്രീ റ്റി. കെ. പീറ്റർ, കുന്നംകുളം
2. The Sunday School എന്ന പേരിൽ നിലവിലുണ്ടായിരുന്ന ത്രൈമാസിക പ്രസിദ്ധീകരണം ആരംഭിക്കുക.
3. സൺഡേസ്കൂൾദിനത്തിലെ സ്തോത്രകാഴ്ച പള്ളികളിൽനിന്നും പൂർണ്ണമായും സൺഡേസ്കൂൾ കേന്ദ്രത്തിലേക്കു നല്കുവാൻ ആവശ്യമായ ബോധവൽക്കരണം നടത്തുക.
4. കേരളത്തിനു വെളിയിലുള്ള സൺഡേസ്കൂളുകളെക്കൂടി ഒ.എസ്.എസ്.എ.ഇ.യുടെ മുഖ്യധാരയിൽ കൊണ്ടുവരുന്ന രീതിയിൽ ഭരണഘടനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി.
5. പാദവാർഷികപരീക്ഷ നിർത്തലാക്കി.

6. വേദപ്രവീൺഡിപ്ലോമ പരീക്ഷയ്ക്കുള്ള അപേക്ഷകൾ ഇൻസ്പെക്ടർമാർ, ഡയറക്ടർമാരെ ഏല്പിക്കണം. ഡയറക്ടർമാരിൽകൂടി ലഭിക്കുന്ന അപേക്ഷകൾ മാത്രം കേന്ദ്രത്തിൽ സ്വീകരിച്ചാൽ മതിയാകും.

7. ശ്രദ്ധിക്കേണ്ട സംഗതികൾ
   ആഗസ്റ്റ് 23 : സ്കൂൾതലത്തിൽ സഹപാഠ്യമത്സരങ്ങൾ
   സെപ്റ്റംബർ 12 : ഡിസ്ട്രിക്ട്തല സഹപാഠ്യമത്സരങ്ങൾ
   ഒക്ടോബർ 10 : ഭദ്രാസനതല സഹപാഠ്യമത്സരങ്ങൾ
   നവംബർ 14 : സോണൽ സഹപാഠ്യമത്സരങ്ങൾ

7. സൺഡേസ്കൂൾ 10, 12 ക്ലാസ്സുകളിലെ വാർഷികപരീക്ഷകളുടെ ചോദ്യപേപ്പറുകൾ 2014-ലെ പരീക്ഷയുടെ അതേ മാതൃകയിലായിരിക്കും. മാതൃകാ ചോദ്യപ്പേപ്പർ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

8. സൺഡേസ്കൂൾ ഒൻപതാം ക്ലാസ്സിലെ ഇംഗ്ലീഷ് ടെക്സ്റ്റും പത്താംക്ലാസ്സ് ആദ്യഭാഗത്തിന്റെ അദ്ധ്യാപകസഹായിയും ഇംഗ്ലീഷ് ടെസ്റ്റും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

---

## കത്തുകൾ

(ഒരു ജേർണൽ രൂപത്തിൽ ഫെബ്രുവരിമാസം ഓരോ യൂണിറ്റിലും എത്തിച്ച സർക്കുലറിൽ അദ്ധ്യാപകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിരുന്നു. എന്നാൽ ഒരു കത്തു മാത്രമേ ഡയറക്ടർ ജനറലിനു ലഭിച്ചുള്ളൂ.. ആ കത്ത് ചുവടെ ചേർക്കുന്നു. വിലയേറിയ നിർദ്ദേശങ്ങൾ അയച്ചുതന്ന മുണ്ടിയപ്പള്ളി എം.ജി.എം. സൺഡേസ്കൂൾ പ്രവർത്തകർക്ക് നന്ദി)

Respected Achen,

O.S.S.A.E യ്ക്ക് സ്വന്തമായ ഒരു പ്രസിദ്ധീകരണം ആവശ്യമാണ് എന്നുതന്നെയാണ് മുണ്ടിയപ്പള്ളി എം.ജി.എം. സൺഡേസ്കൂളിന്റെയും അഭിപ്രായം.

1. ആരംഭത്തിൽ മാസംതോറും എന്നതിനു പകരം രണ്ട്/മൂന്ന് മാസങ്ങളിൽ എന്ന നിലയിൽ പ്രസിദ്ധീകരിക്കുക. പിന്നാലെ മാസികയായി മാറും.
2. പണശ്രോതസ്സിനെ സംബന്ധിച്ച് - Subscription yearly/Life membership (മലങ്കര സഭാമാസിക രീതിയിൽ) **OR**
   Special drive for a capital to invest the same as Fixed Deposit and use the interest for use of every edition. **OR**
   ഓരോ എഡിഷനും ഓരോ zone സ്പോൺസർ ചെയ്ത് പബ്ലിഷ് ചെയ്യുക. **OR**
   ഒരു വർഷത്തെ ജീവകാരുണ്യ കളക്ഷൻ ഇതിനുവേണ്ടി ഉപയോഗിക്കുക.
   സൺഡേസ്കൂൾ/ഒ.വി.ബി.എസ്./സഭാവിശേഷങ്ങളും ക്രൈസ്തവ ന്യൂസുകളും ആയിരിക്കണം വിഷയങ്ങൾ.

പ്രാർത്ഥനയോടെ

**Marykutty Thomas**
Headmistress

***THE MEMENTOS OF THE RANK HOLDERS OF CLASS X AND XII (2014) ARE SPONSORED BY MAR BASELIUS MOVEMENT-KUWAIT. THEY HAVE OFFERED TO SPONSOR THESE IN THE COMING YEARS ALSO.***

# സംശയങ്ങൾക്കുള്ള മറുപടി

1. പി.ജെ. കുര്യൻ

*ചോദ്യം: സാധാരണ ഉപയോഗിക്കാത്ത പ്രാർത്ഥനകൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.*

ഉത്തരം: നമുക്കു പ്രാർത്ഥിക്കാം എന്ന തലക്കെട്ടിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ ക്ലാസ്സിന്റെ അവസാനം ഒരുമിച്ചു പ്രാർത്ഥിക്കുവാനും വ്യക്തിപരമായ പ്രാർത്ഥനകളിൽ ഉപയോഗിക്കുവാനുമാണ്. ഈ പ്രാർത്ഥനകൾ ഹൃദിസ്ഥമാക്കുവാൻ ഉദ്ദേശിക്കുന്നില്ല. 11, 12, 13 എന്നീ പാഠങ്ങളിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ മാത്രം ഹൃദിസ്ഥമാക്കിയാൽ മതി.

2. ജോർജ് വർഗീസ്

*ചോദ്യം: ഒൻപതാം ക്ലാസ്സിലെ പുസ്തകം 14-ാം പേജിൽ മൂന്നു കാലഘട്ടങ്ങളെക്കുറിച്ച് പറയുന്നു. മൂന്നാമത്തെ കാലഘട്ടം രണ്ടു പ്രാവശ്യം പറയുന്നതെന്തുകൊണ്ട്?*

ഉത്തരം: ഒന്നാമത്തേത് രാജഭരണകാലം എന്നു തിരുത്തിവായിക്കണം. അച്ചടിപ്പിശകാണ്.

3. ഹെഡ്മാസ്റ്റർ, മൂലേടം സൺഡേസ്കൂൾ

*ചോദ്യം: a) ഒൻപതാം ക്ലാസ്സിലെ പുസ്തകത്തിന്റെ 22-ാം പേജിൽ 'ഹബഡ്ക' എന്നു കാണുന്നത് എന്താണ്?*

ഉത്തരം: 'ഹബക്കൂക്ക്' എന്നതാണ് ശരി. 16: 2-4 എന്നതു വെട്ടിക്കളയുക. അച്ചടിപ്പിശകാണ്.

*ചോദ്യം: b) 141-ാം സങ്കീർത്തനം 140-ാം മസുമൂറ ആയതെങ്ങനെ?*

ഉത്തരം: പ്ശീത്താ വേദപുസ്തകത്തിലെ അദ്ധ്യായങ്ങളുടെ ക്രമമാണ് വി. കുർബ്ബാന ക്രമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 115-ാം സങ്കീർത്തനം മുതൽ 147-ാം സങ്കീർത്തനം വരെ പ്ശീത്തായിൽ അദ്ധ്യായങ്ങൾ വ്യത്യസ്തമാണ്.

*ചോദ്യം: c) യൽദോ മാർ ബസേലിയോസ് ബാവായുടെ പരിശുദ്ധ പ്രഖ്യാപനം എന്ന്?*

*ഉത്തരം: 1947*

4. *സിസി ജയിംസ്*

*ചോദ്യം: a) പുതിയനിയമത്തിൽ ആദ്യം എഴുതിയ പുസ്തകം ഏത്?*

ഉത്തരം: 1 തെസ്സലോനിക്യർ ആണെന്നാണ് ഇപ്പോഴുള്ള നിഗമനം.

*ചോദ്യം: b)* പത്താംക്ലാസ്സിലെ പുസ്തകത്തിൽ 'എബ്രായവേദപുസ്തകം' യവനഭാഷയിലേക്ക് 'സപ്തതി' എന്ന പേരിൽ വിവർത്തനം ചെയ്തു' എന്നു പറഞ്ഞിരിക്കുന്നു 'സെപ്റ്റുവജിന്റ്' എന്നാണ് പഠിച്ചിട്ടുള്ളത്.

*ഉത്തരം: 'സെപ്റ്റുവജിന്റ്' എന്ന ഗ്രീക്കുപദത്തിന്റെ മലയാളവാക്കായിട്ടാണ് 'സപ്തതി' ഉപയോഗിച്ചിരിക്കുന്നത്.*

*മാനേജിങ് എഡിറ്റർ*

# 2015–2020 ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| രക്ഷാധികാരി | : | **പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് II കാതോലിക്കാ ബാവാ** |
| പ്രസിഡന്റ് | : | **ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ** |
| ഡയറക്ടർ ജനറൽ | : | **ഫാ. ഡോ. റെജി മാത്യു** |
| പബ്ലിക്കേഷൻ ഓഫീസർ | : | **ഫാ. കെ.വി. തോമസ്** |
| ട്രഷറാർ | : | **ശ്രീ സന്തോഷ് ബേബി** |
| ഒ.വി.ബി.എസ്. ഡയറക്ടർ | : | **ഫാ. കുര്യൻ തോമസ്** |
| ഒ.വി.ബി.എസ്. ജനറൽ സെക്രട്ടറി | : | **ഡോ. ഐപ്പ് വർഗീസ്** |
| ഒ.കെ.ആർ. പ്രസിഡന്റ് | : | **ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ** |
| ഒ.കെ.ആർ. ഡയറക്ടർ | : | **ഫാ. ഡോ. ബിജേഷ് ഫിലിപ്പ്** |
| ഒ.കെ.ആർ. ട്രഷറാർ | : | **ഫാ. ജോൺ മാത്യു** |
| ഓവർസീസ് റീജിയൻ പ്രസിഡന്റ് | : | **അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ** |
| ഓവർസീസ് റീജിയൻ ഡയറക്ടർ | : | **ഫാ. കോശി പി. ജോൺ** |

| ഭദ്രാസനം | ഡയറക്ടർ | സെക്രട്ടറി |
|---|---|---|
| **തിരുവനന്തപുരം** | സന്തോഷ് ബേബി ഏ.കെ.(ട്രഷറാർ)<br>കൂമ്പല്ലൂർ, പുത്തൻവീട്<br>ചെറുവക്കൽ, ആയൂർ-691 533<br>✆ 94475022967 | കെ.വി. തോമസ്<br>ബഥേൽ, റ്റി.സി. 11390, ഹൗസ് നമ്പർ 19<br>ബെയിൻസ് കോംപൗണ്ട്<br>നന്തൻകോട്, തിരുവനന്തപുരം-698 003<br>✆ 9447695126 |
| **കൊല്ലം** | എം.ജി. വിൽസൻ<br>കടമ്പാട്ട് ജിൻസ്‌വില്ല,<br>കിഴക്കേ കല്ലട പി.ഓ.<br>✆ 0474 2585614, 9495117580 | ജേക്കബ് ജോർജ്<br>കിഴക്കേടത്ത് ഏദൻ, തൃപ്പലഴികം പി.ഓ.<br>കൊല്ലം 691 509<br>✆ 0474 2524932, 9447348481 |
| **കൊട്ടാരക്കര പുനലൂർ** | റ്റി.ജെ. ഫിലിപ്പ്<br>ജ്യോതിസ് തെക്കേവീട്<br>വടകോട്, കുരാ പി.ഓ., കൊട്ടാരക്കര<br>✆ 9495476481 | ഷാലു ജി. വർഗീസ്<br>ചന്ദ്രവിള വീട്<br>മേലില, കുന്നിക്കോട്<br>✆ 9446332782 |

| | | |
|---|---|---|
| **അടൂർ കടമ്പനാട്** | പ്രൊഫ. ജോസ് വി. കോശി<br>വാഴവിളയിൽ ഹൗസ്,<br>വടക്കേടത്ത് കാവ് പി.ഓ.<br>അടൂർ, PTA (Dist.), 691 526,<br>✆ 9447463154, josevkoshy@gmail.com | ഈ.എം. ജോൺ<br>പള്ളിക്കിഴക്കേതിൽ, കൂടൽ പി.ഓ.<br>പത്തനാപുരം<br>✆ 9447009377 |
| **തുമ്പമൺ** | റ്റി.ഇ. ജോർജ്<br>വിളവിനാൽ തച്ചാരിടയ്യത്ത്<br>പന്നിയാലി, ഓമല്ലൂർ പി.ഓ.<br>പത്തനംതിട്ട, ✆ 9447593054 | റ്റി.എസ്. ജോസ്<br>ചെറുകുന്നിൽ, തടത്തിവിളയിൽ<br>കീരുകുഴി, തുമ്പമൺ<br>✆ 9495438716 |
| **ചെങ്ങന്നൂർ** | ജി. വർഗീസ്<br>കാവുമ്പുറത്ത് ഹൗസ്<br>കുടശ്ശനാട് പി.ഓ., പന്തളം-689 512<br>✆ 0479 2388627, 9400888627 | സി.എം. തോമസ്<br>ചെറുകാലേത്ത് ഭവൻ<br>കാരക്കാട് പി.ഓ., ചെങ്ങന്നൂർ<br>✆ 0479 2424719, 9447369644 |
| **നിലയ്ക്കൽ** | ഒ.എം. ഫിലിപ്പോസ്<br>ഓലിക്കൽ ഹൗസ്, വയലത്തല പി.ഓ.<br>പത്തനംതിട്ട-689 660<br>✆ 04735 245388, 9495757560 | ജോസ് കെ. ഏബ്രഹാം<br>കൊല്ലക്കുന്നേൽ ഹൗസ്<br>വെച്ചൂച്ചിറ പി.ഓ., റാന്നി<br>✆ 9447964369 |
| **മാവേലിക്കര** | ജോൺ കെ. മാത്യു<br>തെക്കേടത്ത് ഹൗസ്, കൈത നോർത്ത്,<br>ചെട്ടിക്കുളങ്ങര, മാവേലിക്കര<br>✆ 0479 2347347, 9447226443 | പി.കെ. വർഗീസ്<br>ആഞ്ഞിലിമൂട്ടിൽ<br>പുളിമൂട്, മാവേലിക്കര<br>✆ 0479 2342695, 9495380079 |
| **നിരണം** | ബാബു കൂടത്തിൽ<br>കൂടത്തിൽ ഭവൻ<br>കുന്നന്താനം, തിരുവല്ല<br>✆ 04692688731, 9048832371 | അബി ഫിലിപ്പ്<br>ഇല്ലക്കളത്തിൽ<br>അബി ഭവൻ, നിരണം പി.ഓ.,<br>തിരുവല്ല, ✆ 495052595 |
| **കോട്ടയം** | ജോസഫ് അലക്സാണ്ടർ<br>കുളത്തുങ്കൽ ഹൗസ്<br>ചാന്നാനിക്കാട് പി.ഓ., കോട്ടയം<br>✆ 9446360949<br>joseph.alexandar@outlook.com | വി.എം. ജോൺ<br>ഫിജിറ്റ് വില്ല, കാനം പി.ഓ.<br>കോട്ടയം 686 515<br>✆ 0481 2456006, 9447602161 |
| **കോട്ടയം സെൻട്രൽ** | എം.റ്റി. കുര്യൻ<br>മൂലപറമ്പിൽ<br>ഷാ നിവാസ്, പുതുപ്പള്ളി<br>കോട്ടയം-686 011. ✆ 9544709649 | ജേക്കബ് ഫിലിപ്പ്<br>ചക്കുങ്കൽ ഹൗസ്<br>മാങ്ങാനം പി.ഓ.<br>കോട്ടയം-686 018. |
| **ഇടുക്കി** | സി.കെ. ജേക്കബ്<br>കൊച്ചേരിൽ ഹൗസ്<br>നരിയംപാറ പി.ഓ. 686 511<br>✆ 04868272346, 9446804089 | ബന്നി കുര്യൻ<br>ചെറുശ്ശേരിൽ ഹൗസ്<br>കൊച്ചറ പി.ഓ., വണ്ടൻമേട്<br>✆ 9495506242 |

| | | |
|---|---|---|
| **കണ്ടനാട് ഈസ്റ്റ്** | റവ. ഫാ. കെ.വി. ഏലിയാസ്<br>കുറ്റിപറിച്ചേൽ ഹൗസ്<br>കിങ്ങിണിമറ്റം പി.ഓ., കോലഞ്ചേരി<br>✆ 0484 2765060, 9446972560 | കെ.എം. ജോസഫ്<br>കാരുകുന്നത്ത് ഹൗസ്<br>പ്രിയദർശിനി ഹൗസിങ് കോളനി<br>മരട്-682304, എറണാകുളം<br>✆ 0484 2705000, 9447209050 |
| **കണ്ടനാട് വെസ്റ്റ്** | റവ. ഫാ. റ്റി.പി. കുര്യൻ<br>തളിയച്ചിറ ഹൗസ്<br>തിരുമറയൂർ പി.ഓ.,682 313<br>ആരക്കുന്നം(via), എറണാകുളം<br>✆ 0484 2748770, 9496120797 | പി.വി. ജോൺ<br>പാറപ്പുറത്തു ഹൗസ്, പാമ്പാക്കുട<br>എറണാകുളം,<br>✆ 0485 2273050, 9744173050 |
| **കൊച്ചി** | ജോൺ വർഗീസ്<br>തെങ്ങോൺ ഹൗസ്<br>പന്നിയംകര പി.ഓ., പാലക്കാട് | കെ.സി. വർഗ്ഗീസ്<br>കണ്ടംപറമ്പിൽ, പുളിക്കമാലി പി.ഓ.<br>മുളന്തുരുത്തി-682314<br>✆ 9946243531 |
| **അങ്കമാലി** | റവ. ഫാ. യാക്കോബ് തോമസ്<br>തൃക്കുന്നത്തുസെമിനാരി<br>ആലുവ | ബാബു വർഗീസ്<br>പള്ളിയത്ത് |
| **തൃശൂർ** | വി.സി. ചെറിയാൻ,<br>വെള്ളിയാമറ്റത്തിൽ, നായരങ്ങാടി<br>കോടശ്ശേരി പി.ഓ., തൃശൂർ-686 721 | വി.കെ. ജോസ്<br>വെള്ളിയത്ത് കുഴി<br>ഐ.പി.പി. സബ്ബ് സെന്റർ<br>തെക്കെദേശം പി.ഓ., പന്നിപെരുംതല,<br>നല്ലേപ്പിള്ളി, പാലക്കാട്-680 014 |
| **കുന്നങ്കുളം** | റ്റി.കെ. പീറ്റർ<br>തെങ്ങുങ്കൽ ഹൗസ്<br>തൃശൂർ റോഡ്, കുന്നങ്കുളം-680 503<br>✆ 9447527743, 9387820584 | എ.ഐ. ഏബ്രഹാം<br>V1/27 അരിമ്പൂർ ഹൗസ്<br>വൺവേ റോഡ്, പഴഞ്ഞി പി.ഓ.<br>കുന്നങ്കുളം<br>✆ 04885-274688, 9495881550 |
| **മലബാർ** | എം.കെ. മാത്യു<br>മരുകുംമൂട്ടിൽ ഹൗസ്<br>മുടപൊയ്ക പി.ഓ.<br>എടക്കര, നിലമ്പൂർ-679 331<br>✆ 04931 276638 9495914638 | സജി ഫിലിപ്പ്<br>പുന്നക്കാട്ട് ഹൗസ്, വലമ്പൂർ പി.ഓ.,<br>പൂപ്പാലം, പെരുന്തൽമണ്ണാ<br>✆ 8086119027 |
| **സുൽത്താൻ ബത്തേരി** | വി.എസ്. മാത്യു<br>വട്ടക്കാട്ടിൽ, സീതാമൗണ്ട് പി.ഓ.<br>പുൽപ്പള്ളി (via), വയനാട്-678 579 | വി.യു. ചാക്കോ<br>വലിയകുന്നേൽ, വീമൺ പി.ഓ.<br>ഒണ്ടയങ്ങാടി, മാനന്തവാടി<br>✆ 04935 271932, 994974922 |

**പ്രൊഫ. ചെറിയാൻ തോമസ്**
എക്സിക്യൂട്ടീവ് ഓഫീസർ



Fr. P.U. Kuriakose
Core-Episcopa
Controller of
Examination 2010-2015



Fr. K.V. Elias
Controller of
Examination
2015-2020



Fr. Dr. Bijesh Philip
Director
O.K.R.



Fr. K. Geevarghese
Former Director
O.K.R.



Fr. Kurian Thomas
Director
OVBS

# സമർപ്പണം

ആദിയിൽ 'ദി സൺഡേസ്കൂൾ' ഉണ്ടായിരുന്നു (1972). എന്നാൽ അത് ആരോടുകൂടെയായിരുന്നു എന്ന് ഒരറിവും ഇല്ലായിരുന്നു. "അന്വേഷിപ്പിൻ കണ്ടെത്തും" എന്ന വചനത്തിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് ശ്രീ വർഗീസ് ജോൺ തോട്ടപ്പുഴ ഒന്നര വർഷത്തോളം പല വാതിലുകളിലും മുട്ടി. മാസികകളിൽ പരസ്യം ചെയ്തു. അവസാനം ആറു വാതിലുകൾ തുറക്കപ്പെട്ടു. പൂർണ്ണമായും ഭാഗികമായും ആറു ലക്കങ്ങൾ കണ്ടെത്തി. പഴയ ലക്കങ്ങൾ നല്കി സഹായിച്ച വൈദിക സെമിനാരിയുടെ ആർക്കൈവ്സ്, M.J.S.S.A.യുടെ മുൻ ജനറൽ സെക്രട്ടറി ഷെവലിയാർ കെ.പി. കുറിയാക്കോസ്, മണർകാട് സെന്റ് മേരീസ് സെൻട്രൻ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ എം.പി. ജേക്കബ്, തോട്ടപ്പുഴ എം.ജി.എം. സൺഡേസ്കൂൾ മുൻഹെഡ്മാസ്റ്റർ ശ്രീ കെ.വി. സ്കറിയ, നിലമ്പൂർ ഡി. മുൻ ഇൻസ്പെക്ടർ ശ്രീ കെ.ഒ. ഫിലിപ്പോസ്, കോട്ടയം ഭദ്രാസന ഡയറക്ടർ പരേതനായ സി.ഇ. കുരുവിള സാറിന്റെ കുടുംബാംഗങ്ങൾ എന്നീ വ്യക്തികളോടും സ്ഥാപനങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

പഴയ കുറ്റിയിൽനിന്നുള്ള പുതിയ നാമ്പായി 'ദി സൺഡേസ്കൂൾ 2015' നിങ്ങളുടെ കൈകളിൽ സമർപ്പിക്കുകയാണ്: 'പുതിയ വീഞ്ഞ് പഴയ കുപ്പിയിൽ' അതിന്റെ വീര്യം നിശ്ചയിക്കേണ്ടത് വായനക്കാരാണ്. വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളം സ്വാഗതം ചെയ്തുകൊള്ളുന്നു. പ്രസിദ്ധീകരണത്തിനുതകുന്ന ലേഖനങ്ങൾ, കഥകൾ, കുട്ടികളുടെ ചിത്രരചനയിലുള്ള പാടവം തെളിയിക്കുന്ന കലാരൂപങ്ങൾ, ഗുണപാഠങ്ങളടങ്ങുന്ന ചിത്രങ്ങൾ, സംശയങ്ങൾ, ചോദ്യങ്ങൾ എന്നിവ അയച്ചുതന്ന് ഈ പ്രസിദ്ധീകരണത്തെ മികവുറ്റതാക്കണം.

ആദ്യലക്കം പ്രതികൾ മുഴുവനും അച്ചടിക്കുവാനുള്ള സാമ്പത്തികസഹായം നല്കിയ കുവൈറ്റ് സെന്റ് ഗ്രിഗോറിയോസ് സൺഡേസ്കൂൾ പ്രവർത്തകരോടും വികാരിയച്ചനോടും മറ്റു കമ്മറ്റിയംഗങ്ങളോടുമുള്ള അകമഴിഞ്ഞ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ആദ്യലക്കം ഒരു സൺഡേസ്കൂളിന് അഞ്ചു കോപ്പികൾ വീതം സൗജന്യമായി നല്കുന്നു. അടുത്ത ലക്കം മുതൽ ഒരു വാർഷിക വരിസംഖ്യ നിശ്ചയിച്ചായിരിക്കും നല്കുന്നത്. അത് വാർഷിക പൊതുയോഗം നിശ്ചയിച്ച് അറിയിക്കുന്നതാണ്. എല്ലാ അദ്ധ്യാപകരും ഇതിന്റെ വരിക്കാരാകണം. ഈ പ്രസിദ്ധീകരണത്തിന് അനുവാദം നല്കി അനുഗ്രഹിച്ച പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയോടും ലേഖനങ്ങൾ അയച്ചുതന്ന വ്യക്തികൾ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, ഒ.എസ്.എസ്.എ.ഇ. ഓഫീസ് സ്റ്റാഫ് എന്നിവരോടുമുള്ള നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളട്ടെ.

**ജോസഫ് അലക്സാണ്ടർ**
എക്സിക്യൂട്ടീവ് എഡിറ്റർ

ചോദ്യങ്ങൾ, സംശയങ്ങൾ, ലേഖനങ്ങൾ, കഥകൾ etc.
അയച്ചുതരേണ്ട വിലാസം.
The Editor, OSSAE, Devalokom, Kottayam-4,
Email- thesundayschoolossae@gmail.com

‘ദി സൺഡേസ്കൂൾ’
ആദ്യ പതിപ്പുകൾ




?




അടൂർ-കടമ്പനാട് ഭദ്രാസന സൺഡേസ്കൂൾ
പ്രസിദ്ധീകരണത്തിന്റെ പ്രഥമ ലക്കം






This edition sponsored by:

**St. Gregorios Indian Orthodox Church (Maha Edavaka), Kuwait Sunday School**

On the occasion of its **Golden Jubilee (1964-2014)**
and the Golden Jubilee of the establishment of
**Orthodox Syrian Sunday School Association of the East.**

www.iocq8.org